മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 1 No. 30 | THE ONLINE OFFICIAL NEWS BULLETTIN | 2018 July 28

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
♪8 22	♪4 23	♪8 24	♪4 25	♪8 26	♪4 27	♪8 28
9th Sunday after Pentecost Comme. of Mary Magdalene	19th Memorial of Geevarghese Mar Diascoros, Metropolitan (Ranni Holy Trinity Ashram) 82nd Memorial of Fr. Noronah (Brahmavar Cathedral)		Comme. of Mar Epiphanios		Comme. of Mar Shemavon Desthuno	

വിശുദ്ധ കുമ്പസാരം നിർത്തലാക്കണമെന്ന നിർദ്ദേശം - വ്യക്തി സ്വാതന്ത്ര്യം നിഷേധിക്കരുത്: പ കാതോലിക്കാ ബാവാ

കോട്ടയം: വിശുദ്ധ കുമ്പസാരം എന്ന കൂദാശ നിർത്തലാക്കണമെന്ന ദേശീയ വനിതാ കമ്മീഷൻ അദ്ധ്യക്ഷയുടെ നിർദ്ദേശം വ്യക്തിയുടെ വിശ്വാസ സ്വാതന്ത്ര്യം നിഷേധിക്കാനുള്ള നീക്കമായേ കാണാനാകൂ എന്ന് പ. ബസേലി യോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണത്. സ്ത്രീ-പുരുഷ ഭേദമെന്യ വിശ്വാസികളുടെ പശ്ചാത്താപത്തിനും പാപമോചന ത്തിനും ആത്മീയ വളർച്ചയ്ക്കും ഉപകരിക്കുന്നതെന്ന നിലയിൽ ക്രൈസ്തവ സഭകൾ പാലിച്ചു വരുന്ന കർമ്മമാണത്. ഒരു വ്യക്തി ചില വൈദികരുടെ മേൽ ഉന്നയിച്ചിട്ടുള്ള കുമ്പസാരം ദുരുപയോഗപ്പെടുത്തി എന്ന കുറ്റാരോപണം തെളിയിക്കപ്പെട്ടാൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്നും നിരപരാധികൾ ശിക്ഷിക്കപ്പെടരുതെന്നും തന്നെയാണ് സഭയുടെ ആദ്യം മുതലുള്ള നിലപാട്. അതിന്റെ പേരിൽ പുരോഹിതസ്ഥാനികളെ ഒന്നടങ്കം ആക്ഷേപിക്കുന്നതും ശരിയല്ല. ലക്ഷക്കണക്കിന് വിശ്വാസികൾക്ക് ആശ്വാസപ്രദായകമാണെന്ന് തെളിഞ്ഞിട്ടുള്ളതും ആത്മഹത്യ പ്രവണതയിൽ നിന്ന് പോലും അനേകരെ മോചിപ്പിക്കാൻ ഉപകരിച്ചിട്ടുള്ളതുമായ ഈ മതാനുഷ്ഠാനം നിരോധിക്കണമെന്ന് വാദിക്കുന്നത് അംഗീകരിക്കാനാവില്ല എന്ന് പ. പിതാവ് പറഞ്ഞു.

വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് ഓർത്തഡോക്സ് സഭ 15 ലക്ഷം രൂപ നൽകും

കോട്ടയം: വെള്ളപ്പൊക്ക ദുരിതബാധിതരെ സഹായിക്കുന്നതിനായി മലങ്കര ഓർ ത്തഡോക്സ് സഭ 15 ലക്ഷം രൂപ നൽകുന്നതാണെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അറിയിച്ചു. ദുരിതബാധിത പ്രദേശങ്ങളിൽ ഭദ്രാസനങ്ങളും ഇടവകകളും ആദ്ധ്യാത്മിക സംഘടനകളും നടത്തിവരുന്ന സേവനങ്ങ ളിൽ സഹകരിക്കുന്നവരെ പ. ബാവാ അഭിനന്ദിക്കുകയും പ്രവർത്തനങ്ങൾ തുടരണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഓർത്തഡോക്സ് സഭ പ്രതിഷേധിച്ചു

കോതമംഗലം: മാർത്തോമ്മൻ ചെറിയപള്ളി സംബന്ധിച്ച കേസിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ കോടതിവിധിയിൽ പ്രതിഷേധിച്ച് യാക്കോബായ യുവജനങ്ങൾ കോതമംഗലത്ത് നടത്തിയ റാലിയിൽ പ്രകോപന പരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും വികാരി ഫാ. അഡ്വ. തോമസ് പോൾ റമ്പാന്റെ കോലം കത്തിച്ച് അധിക്ഷേപിക്കുകയും അദ്ദേഹത്തിന്റെ സഹോദരൻ മാറാച്ചേരിൽ ബാബു പോൾ ബിസിനസ് നടത്തുന്ന കുടുംബകെട്ടിടത്തിനു നേരെ ആക്രമണം നടത്തുകയും ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തതിൽ സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രതിഷേധിച്ചു. കുറ്റ ക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്ന് അദ്ദേഹം അധികൃത രോട് ആവശ്യപ്പെട്ടു.

മാർ ദീയസ്കോറോസിന്റെ ഓർമ്മപ്പെരുന്നാൾ സമാപിച്ചു

റാന്നി: ഹോളി ട്രിനിറ്റി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന ഗീവർ ഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ പത്തൊമ്പതാമത് ഓർമ്മപ്പെരുന്നാളിന് സമാപനമായി. ഇന്നു നടന്ന വിശുദ്ധ കുർബാനയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറി യോസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നിവർ സഹ കാർമികരായിരുന്നു.

ബഥനി സംയുക്ത ഓർമ്മപ്പെരുന്നാൾ

റാന്നി: പെരുനാട് ബഥനി ആശ്രമസ്ഥാപകനും കൊല്ലം ഭദ്രാസനാധിപനും, ബാഹ്യകേരളാ മിഷന്റെ പ്രഥമ ഇടയനും ആയിരുന്ന മലങ്കരയുടെ ധർമ്മയോഗി അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെയും, യൂഹാനോൻ മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെയും, പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ 2018 ജൂലൈ 31 മുതൽ ആഗസ്റ്റ് 7 വരെ ബഥനി ആശ്രമത്തിൽ നടക്കും.

വിദ്യാർത്ഥിപ്രസ്ഥാനം വാർഷിക സമ്മേളനം, ഐ നാംസ് മേഖല സമ്മേളനം, യുവജനപ്രസ്ഥാനം മേഖല സമ്മേളനം തുടങ്ങിയവ വിവിധ ദിവസങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. ഓഗസ്റ്റ് 5-ന് സന്ധ്യയ്ക്ക് ഡോ. യാക്കോബ് മാർ ഐറേനിയോസ് അനുസ്മരണ പ്രഭാഷണം നടത്തും.

ഓഗസ്റ്റ് 6-ന് പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയും മാർ തേവോദോസിയോസ് ബഥാനിയ എക്സലൻസ് അവാർഡ് ദാനവും നടക്കും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വി. കുമ്പസാരം പാരമ്പര്യത്തിൽ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

1. സഭയുടെ അധികാരം

വി. സഭയുടെ അതിപ്രധാനമായ അധികാരമാണു കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം.

'പാപം മോചിക്കാനുള്ള അധികാരം ദൈവത്തിന്നല്ലാതെ മറ്റാർക്കെങ്കിലുമുണ്ടോ?' കഫർന്നഹൂമിലെ യഹൂദന്മാർ കർത്താവിന്റെ മുൻപിൽ വച്ചു ചോദിച്ച ചോദ്യമാണിത്. 'ഉണ്ട്, മനുഷ്യപുത്രന് അധികാരമുണ്ട്' എന്നു കർത്താവ് മറുപടി പറയുക മാത്രമല്ല, പാപമോചനത്തിന്റെ ദൃശ്യലക്ഷ്യമായി നാലു പേർ മേൽപ്പുര പൊളിച്ചു കയറിന്മേൽ കീഴോട്ടിറക്കിയ തളർവാതരോഗിയെ എഴുന്നേല്പിച്ചു നടത്തുകയും ചെയ്തു (വി. ലൂക്കോസ് 5:18-24).

ആ അധികാരമാണ് മനുഷ്യപുത്രനായ യേശുമിശിഹാ, അപ്പസ്തോലന്മാർ വഴി സഭയ്ക്കു സമ്മാനിച്ചിട്ടുള്ളത് (വി. മത്തായി 16:19, 18:18).

എന്താണീ കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം? മൂന്നു തരത്തിൽ അതിനെ വ്യാഖ്യാനിക്കാം. 1. നിഷിദ്ധമായത് അനുവദിക്കാനും, അനുവദിയ്ക്കപ്പെട്ടതു നിരോധിപ്പാനും ഉള്ള അധികാരം; 2. സഭയിൽ നിന്നു മുടക്കുവാനും, മുടക്കു മാറ്റുവാനുമുള്ള അധികാരം; 3. ദൈവത്തോട് അനുരഞ്ജിപ്പിക്കാനും, അനുരഞ്ജിപ്പിക്കാതിരിക്കാനുമുള്ള അധികാരം.

2. അപ്പസ്തോലിക പാരമ്പര്യം

അപ്പസ്തോലിക പാരമ്പര്യത്തിന്റെ അതിപുരാതന രേഖയായ ഡിഡാഖേ (Didache) യിൽ ശ്ലൈഹിക ഉപദേശം ഇങ്ങനെ കാണുന്നു:

'നിങ്ങൾ സഭയിൽ നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയണം; കുറ്റമുള്ള മനഃസാക്ഷിയോടെ നിങ്ങൾ പൊതു ആരാധനയിൽ സംബന്ധിക്കാൻ തുനിയരുത്. കർത്താവിന്റെ ദിവസത്തിൽ നിങ്ങൾ ഒരുമിച്ചു കൂടി അപ്പം മുറിക്കുക; സ്തോത്രബലി അർപ്പിക്കുക. നിങ്ങളുടെ ബലി വിശുദ്ധിയുള്ളതാകാൻ വേണ്ടി, ആദ്യമേ നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയുക.

കുർബ്ബാനയനുഭവിക്കുവാൻ വേണ്ടിയാണു പാപങ്ങൾ ഏറ്റുപറയുന്നതെന്നും അനുഭവിക്കുന്നവർ മാത്രം ഏറ്റുപറഞ്ഞാൽ മതിയെന്നും ഉള്ളതു തെറ്റായ പഠിപ്പിക്കലാണ്. സഭയാണു വി. ബലി അർപ്പിക്കുന്നത്. സഭയിലെ എല്ലാ അംഗങ്ങളും പരസ്പരം ക്ഷമിക്കുകയും അനുരഞ്ജനം പ്രാപിക്കുകയും ചെയ്തെങ്കിൽ മാത്രമേ, സഭയുടെ ബലി വിശുദ്ധമാകയുള്ളൂ എന്നാണ് ശ്ലീഹന്മാർ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. കുർബാനയർപ്പിക്കുന്നതു പുരോഹിതൻ മാത്രമല്ല, വി. മാമ്മോദീസാ ഏറ്റിട്ടുള്ള എല്ലാ വിശ്വാസികളും ഒരുമിച്ചാണ്. അവരിൽ പാപം ഉണ്ടാകരുത്. അവർ തമ്മിലും വൈരുദ്ധ്യങ്ങളോ വൈരാഗ്യമോ ഉണ്ടാകരുത്. എല്ലാവരും ദൈവത്തോടും പരസ്പരവും അനുരഞ്ജിതരായി, ഏകശരീരമായിത്തീർന്നു കൊണ്ടു വേണം വി. കുർബ്ബാനയർപ്പിക്കുവാൻ. ഇതാണു ശ്ലൈഹികോപദേശം. അല്ലാതെ കുറെപ്പേർ മോചനം പ്രാപിച്ചും കുറെപ്പേർ തങ്ങളുടെ പാപങ്ങൾ മനഃസ്സാക്ഷിയിൽ വച്ചുകൊണ്ടും വി. കുർബ്ബാനയിൽ സംബന്ധിക്കണമെന്നല്ല.

പാപമോചനത്തിന്റെ പ്രധാന പ്രക്രിയ മാമ്മോദീസായാണ്. കുമ്പസാരമല്ല. പാപജീവിതത്തെ ഉപേക്ഷിച്ച്, വീണ്ടും ജനനത്തിന്റെ മാമോദീസാ (കുളി) പ്രാപിക്കുന്നതാണ് യഥാർത്ഥ പാപമോചന 'കൂദാശ.' അതു പിന്നെയാവർത്തിയ്ക്കേണ്ടയാവശ്യമില്ല എന്നു മാത്രം. *കുളിച്ചവൻ കാലു കഴുകിയാൽ മാത്രം മതി* (യോഹ. 13:10). അങ്ങിനെയുള്ള കാലു കഴുകലാണു പട്ടക്കാരന്റെയടുക്കലുള്ള പാപം ഏറ്റുപറച്ചിലും പാപമോചനപ്രാപനവും.

3. പദങ്ങൾ

'കുമ്പസാരം' എന്ന നമ്മുടെ ഇപ്പോഴത്തെ പദവും പതിവും പോർത്തുഗീസ് കത്തോലിക്കരിൽ നിന്നു കിട്ടിയതാണെന്നു തോന്നുന്നു. ഇംഗ്ലീഷിൽ auricular Confession എന്നു പറയുന്ന പുരോഹിതന്റെ ചെവിയിൽ പാപങ്ങളെ ഏറ്റുപറയുന്ന പതിവ് വളരെ പുരാതനമല്ല. ad auriculam എന്ന ലാറ്റിൻ പ്രയോഗത്തിനു 'ചെവിയിലേക്ക്' എന്നാണർത്ഥം. Confessio ad auriculam എന്ന ലാറ്റിൻ

പ്രയോഗത്തിൽ നിന്നായിരിക്കണം 'കുമ്പസാരം' എന്ന മലയാളപദത്തിന്റെ ഉത്ഭവം. സുറിയാനിയിൽ ഏറ്റുപറച്ചിൽ എന്നതിനു 'മൗദ്യോനൂതോ' എന്നാണു വാക്ക്. പക്ഷേ ഈ വാക്കിനു കുമ്പസാരം എന്ന അർത്ഥം കൂടാതെ വിസ്വാസം ഏറ്റുപറച്ചിൽ എന്ന അർത്ഥമാണു പ്രധാനമായിട്ടുള്ളത്. പീഡനകാലത്തു സത്യവിശ്വാസത്തെ ഉപേക്ഷിക്കാത്തതുമൂലം ദേഹോപദ്രവമേൽക്കുന്നവർക്കു 'മൗദ്യോനോ' എന്നാണല്ലോ പേര് പറയുത്. സുറിയാനിയിലുള്ള മറ്റൊരു പദം 'ത്യോബൂതോ' ആണ്. അതിന്റെ അക്ഷരാർത്ഥം *തിരിച്ചുവരവ്* എന്നും സാധാരണ അർത്ഥം *അനുതാപം* എന്നുമാണ്. കുമ്പസാരത്തിനു സുറിയാനിയിൽ തൽസമമുണ്ടെന്നു തോന്നുന്നില്ല.

കത്തോലിക്കരും ലാറ്റിൻ ഭാഷയിൽ Confessio എന്ന പദത്തേക്കാൾ കൂടുതലായി Penitentia എന്നാണു പറയുന്നത്. കുമ്പസാര കൂദാശയ്ക്ക് Sacramentum penitentiae എന്നാണു കത്തോലിക്കരുടെ കാനോനിൽ കാണുന്ന പേര്. ഈ കൂദാശയ്ക്കു രണ്ടു ഭാഗങ്ങളുള്ളതായി അവർ വിവക്ഷിക്കുന്നു. ഒന്ന് ഏറ്റുപറച്ചിൽ (Confessio individualis); രണ്ട്, മോചന പ്രഖ്യാപനം (absotutio). 1983 -ലെ കത്തോലിക്കാ കാനോൻ നിയമപ്രകാരം പലർക്ക് ഒരുമിച്ച് 'ഹൂസോയോ' കൊടുക്കുവാൻ അനുവാദമില്ല. 'ഹൂസോയോ' എന്ന സുറിയാനിപദത്തിന്റെ അർത്ഥം പാപപരിഹാരം, മോചനം, atonement, pardon, absolution, ശുദ്ധീകരണ എന്നു തന്നെ.

സുറിയാനിയിൽ നമുക്ക് ഒരു കുമ്പസാരക്രമം പാരമ്പര്യപ്രകാരം ഉള്ളതായി അറിവില്ല. ഉള്ളതു തക്സോ ദ് ഹൂസോയോ അല്ലെങ്കിൽ പാപമോചന പ്രഖ്യാപനക്രമമാണ്.

ഗ്രീക്കുഭാഷയിൽ metanoia എന്നും exomologesis എന്നും രണ്ടു വാക്കുകളാണുള്ളത്. ആദ്യത്തേതിന് അനുതാപം (ത്യോസൂതോ) എന്നും രണ്ടാമത്തേതിന് ഏറ്റുപറച്ചിൽ (മൌദ്യോനൂതോ) എന്നും പരിഭാഷ.

4. പുരോഹിതന്റെ പക്കലുള്ള ഏറ്റുപറച്ചിൽ

പൗരസ്ത്യ പാരമ്പര്യത്തിൽ ഇതേക്കുറിച്ചുള്ള ആദ്യ പരാമർശം ഓറിഗന്റെ (185-253 എ.ഡി.) എഴുത്തുകളിലാണു കാണുന്നത്. ലേവ്യ പുസ്തകത്തെക്കുറിച്ചുള്ള തന്റെ രണ്ടാമത്തെ ഹോമിലിയിൽ പാപമോചനത്തിന് ഏഴു മാർഗങ്ങളുള്ളതായി പറയുന്നു. മാമ്മോദീസാ, രക്തസാക്ഷിത്വം ധർമ്മദാനം, പരസ്പരം ക്ഷമിക്കൽ, സഹോദരത്വത്തിലുള്ള തിരുത്തൽ, സ്നേഹം എന്നിങ്ങനെ ആറു കാര്യങ്ങൾ പറഞ്ഞിട്ട്, ഓറിഗൻ പറയുന്നു:

'എന്നാൽ ഏഴാമതൊരു മാർഗമുണ്ട്; ദുഷ്കരവും അദ്ധ്വാനമയവുമായ മാർഗം - അനുതാപത്തിൽ കൂടെയുള്ള പാപങ്ങളുടെ മോചനം. ഇവിടെ പാപി അവന്റെ കിടക്കയെ കണ്ണീർ കൊണ്ടു കഴുകുന്നു; രാവും പകലും കണ്ണുനീർ അവന്റെ ഭക്ഷണം. അവന്റെ കുറ്റത്തെ ദൈവത്തിന്റെ പുരോഹിതനോട് ഏറ്റുപറയുവാനും ഔഷധം തേടുവാനും അവൻ ലജ്ജിക്കുന്നില്ല.'

എന്നാൽ ഇത് എല്ലാ ഞായറാഴ്ചയും ചെയ്യുന്ന ഒരു കുമ്പസാരമാണെന്നു തോന്നുന്നില്ല.

ഒരു ക്രിസ്ത്യാനി വലിയ ഒരു പാപം ചെയ്താൽ അതു സഭയോട്, സഭയിലെ കശീശന്മാരോട് ഏറ്റുപറഞ്ഞിട്ട്, അവർ വിധിക്കുന്ന ശിക്ഷയെ സ്വീകരിച്ച്, കുറെനാൾ ശിക്ഷാവിധേയനായി കഴിഞ്ഞതിനുശേഷം പാപമോചനം പ്രാപിക്കുന്ന ഒരു പതിവിനെക്കുറിച്ചാണ് ഇവിടെ വിവക്ഷയെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഗൗരവമുള്ള വലിയ പാപങ്ങൾക്ക്, ഞായറാഴ്ച തോറുമുള്ള പൊതു ഹൂസോയോ കൊണ്ട് പാപമോചനം സ്വതവേ ലഭിക്കുന്നില്ല, പ്രത്യുത അതിനെക്കുറിച്ച് കണ്ണുനീരോടു കൂടെ അനുതപിക്കുകയും സഭയിൽ നിന്നു ശിക്ഷ സ്വീകരിക്കുകയും പിന്നീട് പ്രത്യേക പാപപരിഹാരം പ്രാപിക്കുകയും ചെയ്യണമെന്നാണ് ഓറിഗൻ 'പ്രാർത്ഥന'യെപ്പറ്റിയുള്ള തന്റെ ഗ്രന്ഥത്തിൽ പറയുന്നത്. അങ്ങനെയുള്ള ഗൗരവമുള്ള പാപങ്ങളുടെ ഉദാഹരണമായി വ്യഭിചാരം, മനഃപൂർവ്വമുള്ള ചോരചിന്തൽ എന്നിവയെ എടുക്കാം.

ഇങ്ങനെയുള്ള ശിക്ഷാകാലവും അതിനുശേഷമുള്ള പാപമോചനവും ക്രിസ്ത്യാനി വീണ്ടും മരിച്ചു പുനരുത്ഥാനം ചെയ്യുന്നതിനു തുല്യമാണെന്നും, അങ്ങിനെ രണ്ടാമതു പാപമോചനം കൊടുത്തവർക്കു സഭയിൽ ഭരണപരമായ സ്ഥാനങ്ങളൊന്നും തങ്ങൾ കൊടുക്കുന്നില്ലായെന്നും ഓറിഗൻ 'കെൽസസിനെതിരെ' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു. അനുതാപം, ഏറ്റുപറച്ചിൽ, മുടക്ക്, ശിക്ഷാകാലം, മുടക്കുതീർക്കൽ, കുർബ്ബാനയനുഭവിയ്ക്കൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ആ കുമ്പസാരത്തെ ഇന്നത്തെ കുമ്പസാരവുമായി താരതമ്യപ്പെടുത്തുവാൻ സാദ്ധ്യമല്ല. ശിക്ഷാകാലം എന്നു പറയുന്നത് ആദ്യമേ മാമോദീസാ മുങ്ങുന്നതിനുള്ള സ്ഥാനാർത്ഥിത്വകാലത്തേക്കാൾ ദീർഘമായിരിക്കുന്നുവെന്നാണ് ഓറിഗൻ പഠിപ്പിച്ചത്; അതായതു വർഷങ്ങൾ.

5. സുറിയാനിസഭയുടെ പാരമ്പര്യം

സുറിയാനിസഭയുടെ പാരമ്പര്യത്തിൽ അപ്പസ്തോലിക ഉപദേശത്തിന്റെ മൂലരേഖ ദിദാസ്കാലിയ അല്ലെങ്കിൽ Teaching of the Apostles എന്ന ഗ്രന്ഥമാണ്. അതിൽ എപ്പിസ്കോപ്പായ്ക്കു നൽകുന്ന ശ്ലൈഹിക ഉപദേശം ഇങ്ങനെയാണ്:

'പാപത്തിൽ വീണുപോയ ഒരുവനെ (വിശ്വാസിയെ) നീ കാണുമ്പോൾ അവനോടു നീ കാഠിന്യമായി പെരുമാറുകയും അവനെ പുറത്താക്കുവാൻ പറയുകയും ചെയ്യണം. അവൻ പുറത്തായിക്കഴിയുമ്പോൾ അവരും (മറ്റുവിശ്വാസികളും) അവനോടു കഠിനമായിത്തന്നെ പെരുമാറട്ടെ. അവനെ ശാസിക്കുകയും പള്ളിക്കു പുറത്തുനിർത്തുകയും ചെയ്യട്ടെ; എന്നിട്ട് അവർ തന്നെ നിന്റെയടുക്കൽ വന്ന് അവനോടു ദയവു കാണിക്കുവാൻ നിന്നോടാവശ്യപ്പെടണം. .... അതു കഴിഞ്ഞു നീ കുറ്റക്കാരനെ അകത്തു വിളിക്കണം. അവനു യഥാർഥ അനുതാപമുണ്ടോ എന്നു പരിശോധിക്കണം. അവന്റെ അനുതാപം ആത്മാർത്ഥമാണെന്നു ബോധ്യമായാൽ, അവന് ഉപവാസം വിധിക്കണം. കുറ്റത്തിന്റെ ഗൗരവംപോലെ രണ്ടോ മൂന്നോ ആഴ്ചയോ, അല്ലെങ്കിൽ അഞ്ചോ ഏഴോ ആഴ്ചയോ ഉപവാസം വിധിച്ചിട്ട് അവനെ പറഞ്ഞയക്കണം. അവനു വേണ്ടുന്ന ഉപദേശവും പ്രചോദനവും നല്കുകയും വേണം. ഉപവാസസമയത്തു കണ്ണുനീരോടും യഥാർഥ അനുതാപത്തോടും കൂടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുവാൻ അവനോടു കല്പിക്കണം... ശിക്ഷാകാലം കഴിഞ്ഞ് അവനെ കൃപയോടെ പാപമോചനം നല്കി സ്വീകരിക്കണം' (Didascalia 6, 7, 10).

പൗരസ്ത്യ പാരമ്പര്യത്തിലെ മറ്റൊരു പ്രധാന രേഖ അത്ഭുതപ്രവർത്തകനായ മാർ ഗ്രീഗോറിയോസിന്റെ (ഏതാണ്ട് 270 എ.ഡി.) ലേഖനമാണ്. അതിൽ കുറ്റക്കാരെ കുറ്റത്തിന്റെ ഗൗരവമനുസരിച്ച് നാലു ഗ്രേഡായി തരം തിരിക്കുന്നു: –

1) വിലാപകൻ (mourner) പള്ളിക്കു പുറത്തു നില്ക്കണം.

2) ശ്രോതാവ് (hearer) പള്ളിക്കകത്തു നാടകശാലയിൽ നില്ക്കാം. എന്നാൽ കുർബ്ബാനയ്ക്കു മുമ്പായി മാമോദീസാ മുങ്ങാത്തവരെ പുറത്താക്കുമ്പോൾ പുറത്തു പോകണം.

3) പതിതൻ (faller) പള്ളിയ്ക്കകത്തു ഹൈക്ലായുടെ താഴെ നില്ക്കാം. സ്ഥാനാർത്ഥികളെ പുറത്താക്കുമ്പോൾ പുറത്തുപോകണം.

4) കൂടെ നില്ക്കുന്നവൻ (bystander) വിശ്വാസികളുടെ കൂടെ നില്ക്കാം. കുർബാനയനുഭവിക്കുന്നില്ല, പുറത്തു പോകുന്നുമില്ല.

6. നിഖ്യാ സുന്നഹദോസ്

എ.ഡി. 325-ലെ നിഖ്യാ സുന്നഹദോസിന്റെ 11-ാം കാനോനിൽ, റോമ്മാ സാമ്രാജ്യപീഡനങ്ങളുടെ പശ്ചാത്തലത്തിൽ വിശ്വാസത്തിൽനിന്നു വീണുപോയവർക്കുള്ള ശിക്ഷകളെപ്പറ്റി പറയുന്നു. അവരിൽ യഥാർത്ഥ അനുതാപികളായിട്ടുള്ളവർക്കു മൂന്നു കൊല്ലം ശ്രോതാവ് എന്ന ഗ്രേഡിൽ ശിക്ഷയും അതുകഴിഞ്ഞ് ഏഴു വർഷം 'പതിതൻ' എന്ന ഗ്രേഡിൽ ശിക്ഷയും അനുഭവിച്ചു കഴിഞ്ഞ് രണ്ടു വർഷം 'കൂടെ നില്ക്കുന്നവനായി' കഴിക്കണം. ഇങ്ങനെ 12 വർഷം കഴിഞ്ഞിട്ടേ പാപമോചനം നല്കി സഭയിൽ തിരികെ എടുക്കാവൂ എന്നു തീരുമാനിച്ചു.

7. പരിശുദ്ധനായ ബാസേലിയോസിന്റെ കാനോനാകൾ

പൗരസ്ത്യ പാരമ്പര്യത്തിൽ കൃത്യമായ നിയമങ്ങൾ ആദ്യമായി ക്രോഡീകരിച്ചതു വലിയ മാർ ബാസേലിയോസ് (ഉദ്ദേശം 370) ആണെന്നു പറയാം. മനഃപൂർവം നരഹത്യ ചെയ്ത ആൾക്ക് 20 കൊല്ലത്തെ മുടക്കാണു വിധി. 4 വർഷം വിലാപകൻ, 5 വർഷം ശ്രോതാവ്, 7 വർഷം പതിതൻ, 4 വർഷം കൂടെ നില്ക്കുന്നവൻ. ഇതു കഴിഞ്ഞേ അവനു കുർബാന കൊടുക്കാവൂ (കാനോൻ 56). മനഃപൂർവമല്ലാത്ത നരഹത്യയ്ക്കു 10 വർഷത്തെ ഇതേ നാലു ഗ്രേഡുകളിൽ കൂടി.

വ്യഭിചാരം ചെയ്ത വിവാഹിതനു 15 വർഷം (4 + 5 + 4 + 2). അവിവാഹിതനു 7 വർഷം (2 + 2 + 2 + 1).

മോഷ്ടാവിനു യഥാർത്ഥ അനുതാപം ഉണ്ടെങ്കിൽ അവസാനംവരെ മുടക്ക്, മരിക്കുന്നതിനു മുമ്പ് അനുരഞ്ജിപ്പിക്കാം.

8. പരസ്യശിക്ഷയുടെ സമാപനം

പൗരസ്ത്യസഭയിൽ ഈവിധമുള്ള പരസ്യശിക്ഷകളും മുടക്കുകളും ക്രമേണ നിന്നു പോവുകയാണുണ്ടായത്. പാശ്ചാത്യസഭയിൽ ഈ പദ്ധതി വികസിച്ചു വളരെ വിശദമായ കാനോൻ നിയമങ്ങളും, ഇന്ന പാപത്തിന് ഇന്ന ശിക്ഷ എന്ന വിശദമായ ക്രമീകരണങ്ങളും ഉണ്ടായി.

ഐർലൻഡിൽ, എട്ടാം ശതാബ്ദത്തോടെ ശിക്ഷകൾ ബഹുവിധമായി. ആത്മാവു നരകത്തിൽനിന്നു രക്ഷ പ്രാപിക്കണമെങ്കിൽ ശിക്ഷയനുഭവിച്ചാൽ മാത്രം മതിയെന്ന രീതിയിലായി ഐറീഷ് കത്തോലിക്കരുടെ വിശ്വാസം. ഒരാത്മാവിനെ നരകത്തിൽ പോകാതെ രക്ഷിക്കണമെങ്കിൽ, ഒരു വർഷത്തേയ്ക്ക് ഓരോ ദിവസവും 365 പ്രാവശ്യം ആകാശത്തിലുള്ള ബാവാ ചൊല്ലണം. ഓരോ ദിവസവും 365 കുമ്പിടണം. ഓരോ ദിവസവും ചാട്ടകൊണ്ടു 365 പ്രാവശ്യം സ്വയം അടിക്കണം. അതിന്റെ കൂടെ എല്ലാ മാസത്തിലും കുറെ ദിവസം ഉപവസിക്കയും ചെയ്യണം.

ഈ പതിവ് പൗരസ്ത്യസഭയിൽ ഉണ്ടായതായി കാണുന്നില്ല. പൗരസ്ത്യ ഗ്രീക്കുസഭയിലെ പതിവ് വൈദീകരും അത്മായക്കാരും എല്ലാ ഞായറാഴ്ചയും കുർബ്ബാന അനുഭവിക്കുക എന്നതായിരുന്നു. ആണ്ടുകുമ്പസാരമോ, എല്ലാ ഞായറാഴ്ചയും കുമ്പസാരമോ ഉണ്ടായിരുന്നതായി തെളിവില്ല. എത്യോപ്യൻ സഭയുടെ കുർബാന തക്സായിലും വ്യക്തമായി പറയുന്നത് എല്ലാവരും എല്ലാ ഞായറാഴ്ചയും കുർബാനയനുഭവിക്കണമെന്നു തന്നെയാണ്. കുർബാന രണ്ടോ മൂന്നോ ഞായറാഴ്ച അനുഭവിക്കാത്തവരെ മുടക്കണമെന്നാണ് പൗരസ്ത്യ സഭകളുടെയെല്ലാം പഴയ പാരമ്പര്യം. കുമ്പസാരിച്ചതിനുശേഷം മാത്രമേ കുർബാനയനുഭവിക്കാവൂ എന്ന പാരമ്പര്യം ആദിമ ശതാബ്ദങ്ങളിൽ കാണുന്നില്ല.

9. പിന്നീടുണ്ടായ പൗരസ്ത്യ സമീപനം

റഷ്യൻ ഓർത്തഡോക്സ് സഭയിൽ പതിനാറും പതിനേഴും ശതാബ്ദങ്ങളിലുണ്ടായ പുതിയ ചിന്താഗതി പ്രത്യേകം ശ്രദ്ധേയമാണ്. പ്രോട്ടസ്റ്റന്റ് നവീകരണ മിഷനറിമാരും കത്തോലിക്കാ മിഷനറിമാരും ഓർത്തഡോക്സ് വിശ്വാസികളെ ചാക്കിട്ടു പിടിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാൽവിന്റേയും ലൂഥറിന്റേയും നവീകരണത്തിലും അതിനു തിരിച്ചടിയായി കത്തോലിക്കാ സഭയിലുണ്ടായ പ്രതിനവീകരണ (counter reformation) ത്തിലും ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് ഓർത്തഡോക്സ് സഭ പ്രതികരണം ചെയ്യേണ്ടയാവശ്യമുണ്ടായി. വിവാദ വിഷയങ്ങളിൽ പ്രധാനമായതു പാപമോചനത്തിനു സഭയ്ക്കുള്ള അധികാരത്തെക്കുറിച്ചായിരുന്നു. പ്രോട്ടസ്റ്റന്റുകാർ കർത്താവിന്റെ ഉപദേശത്തെ ധിക്കരിച്ചു പാപമോചനത്തിനുള്ള അധികാരം ദൈവത്തിനു മാത്രമേയുള്ളു എന്ന യഹൂദവിശ്വാസത്തെ മുറുകെപ്പിടിച്ചു.

ഈ സമയത്ത് റഷ്യയിൽ കിയവി (Kiev) ലെ മെത്രാപ്പോലീത്തായായ പീറ്റർ മൊഗിലാ (Peter Mogila) ഓർത്തഡോക്സ് വിശ്വാസത്തിന്റെ ഒരു ചോദ്യോ

ത്തരം ഉണ്ടാക്കുകയും അതിനെ 1672-ൽ ഊർശ്ലേമിൽ വച്ചു കൂടിയ സുപ്രധാന മായ ഗ്രീക്ക് ഓർത്തഡോക്സ് സുന്നഹദോസ് അംഗീകരിയ്ക്കയും ചെയ്തു. എന്നാൽ ഇന്നത്തെ ഗ്രീക്ക് വേദശാസ്ത്രജ്ഞന്മാർ പറയുന്നത്, ഈ ചോദ്യോത്തരത്തിനു 'റോമ്മാചുവ' ആവശ്യത്തിലധികം ഉണ്ടെന്നാണ്. എന്റെ വ്യക്തിപരമായ അഭിപ്രായവും അതു തന്നെ. നവീകരണക്കാരും പ്രതിനവീകരണക്കാരും തമ്മിലുള്ള വാദപ്രതിവാദത്തിൽ ഒരു ഓർത്തഡോക്സ് മെത്രാപ്പോലീത്താ ചില കാര്യങ്ങളിൽ റോമാക്കാരുടെ പക്ഷം പിടിച്ചു എന്നുള്ളതു മനസ്സിലാക്കാം.

തന്റെ ചോദ്യോത്തരത്തിന്റെ 112-113 എന്നീ ചോദ്യങ്ങളിലാണ് കുമ്പസാരത്തെപ്പറ്റി പറയുന്നത്. കുമ്പസാരത്തെ അഞ്ചാമത്തെ സഭാരഹസ്യമായി മൊഗിലാ വിവക്ഷിക്കുന്നു. യഥാർത്ഥ അനുതാപത്തോടെ പാപി തന്റെ പാപങ്ങളെ വിശദമായി പട്ടക്കാരനോട് ഏറ്റുപറയണമെന്നും പട്ടക്കാരൻ അപ്പോൾ തന്നെ പാപമോചനം നല്കുകയും ശിക്ഷ വിധിക്കുകയും ചെയ്യണമെന്നും ആണ് ഇവിടെ കാണുന്നത്. ശിക്ഷകളായി പ്രാർത്ഥനകൾ, ധർമ്മദാനങ്ങൾ, ഉപവാസം, തീർത്ഥയാത്രകൾ, കുമ്പിടീൽ മുതലായവ പട്ടക്കാരന്റെ സ്വന്ത തീരുമാനപ്രകാരം നല്കണമെന്നും പറയുന്നു.

പതിനേഴാം ശതകത്തിൽ ഈ പതിവ് പൗരസ്ത്യസഭകളിൽ പൊതുവേ വന്നു ചേർന്നു. ഏതാണ്ട് അക്കാലത്തോ അതിനുശേഷമോ ആണ് ഇപ്പോഴത്തെ രീതിയിലുള്ള കുമ്പസാരം നമ്മുടെ സഭയിൽ നിലവിലായതെന്നു ചിലർ ചിന്തിക്കുന്നു. റീത്തിൽ പോയ ബഥനിയിലെ ഈവാനിയോസ് മെത്രാച്ചനാണ് ഇവിടെ ആണ്ടുകുമ്പസാരവും കുമ്പസാരിച്ചേ കുർബാന കൊള്ളാവൂ എന്ന നിയമവും പ്രചരിപ്പിച്ചതെന്നു മറ്റു ചിലർ പറയുന്നു. ഏതായാലും സുറിയാനിസഭയുടെ ആനീദാക്രമത്തിൽ കുമ്പസാര കൂദാശയ്ക്കുള്ള ഒരു പ്രത്യേകക്രമം കാണുന്നില്ലല്ലോ.

സഭയിലെ അംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കാവശ്യമായ ക്രമങ്ങളും കർമ്മങ്ങളും ഉണ്ടാക്കുവാൻ സഭയ്ക്ക് അധികാരമുണ്ട്. പാപം മോചിക്കുവാനുള്ള അധികാരവും കർത്താവു തന്റെ സഭയ്ക്കു നല്കിയിട്ടുണ്ട്. ഇവയെ ഏറ്റവും കാര്യക്ഷമമായി ഉപയോഗിച്ച് അദ്ധ്യാത്മിക വളർച്ചയ്ക്കുള്ള യഥാർത്ഥ ഉപകരണമായി കുമ്പസാരത്തെ ഉപയോഗിയ്ക്കണമെങ്കിൽ ഇപ്പോഴത്തെ പതിവുകളെ വളരെയധികം പരിഷ്കരിയ്ക്കയും, ഒരു പുതിയ കുമ്പസാരക്രമം ആവിഷ്കരിക്കയും ചെയ്യേണ്ടത് അവശ്യം എന്നു തോന്നുന്നു.

ആത്മാവിന്റെ കുറ്റബോധം മാറ്റുവാൻ...

ഫാ. ഡോ. ടി. ജെ. ജോഷ്വ

മാമോദീസായ്ക്ക് ശേഷം ഒരു ക്രിസ്ത്യാനി സ്വാതന്ത്ര്യ ബുദ്ധി മൂലമോ സാത്താന്റെ പ്രേരണമൂലമോ പാപം ചെയ്യുമ്പോൾ ആ പാപത്തിന് മോചനം ലഭിക്കുവാൻ ഉള്ള കൂദാശയാണ് വി. കുമ്പസാരം. കുമ്പസാരം മൂലം ദൈവവുമായും മനുഷ്യരുമായും അനുരഞ്ജനം സാധ്യമാകുന്നതിനാൽ അനുരഞ്ജനത്തിന്റെ കൂദാശ എന്നും ഇതിന് പേരു വിളിക്കാം

പാപം ഏറ്റു പറയുവാനായി എപ്പോഴെല്ലാം ഓർക്കുന്നുവോ അപ്പോഴെല്ലാം കുമ്പസാരിക്കണം. യഥാർത്ഥമായ അനുതാപത്തോടെ ആയിരിക്കണം. കുമ്പസാരം വഴി ആത്മീയ പുനരുജ്ജീവനം സാധ്യമായി തീരുന്നു. അതിന് ചില ഒരുക്കങ്ങൾ ആവശ്യമാണ്. സ്വയപരിശോധന, അനുതാപം, ഏറ്റുപറച്ചിൽ, പ്രതിജ്ഞ, പ്രായശ്ചിത്തങ്ങൾ, വി. കുർബാനാനുഭവം. എന്നിവ പാപമോചനം ലഭിക്കുന്നതിനുള്ള ഒരുക്കങ്ങളാണ്.

കുമ്പസാരം എന്നത് ഒരു പോർട്ടുഗീസ് പദമാണ്. കത്തോലിക്കാ സഭയുടെ സ്വാധീനത്തിൽ കടന്നുവന്നതാണ്. സുറിയാനി പാരമ്പര്യത്തിൽ മൗദ്യോനൂസോ അഥവാ ഏറ്റുപറച്ചിൽ എന്നാണ് ഈ കൂദാശയ്ക്ക് നൽകിയിരിക്കുന്ന പേര്.

1. വി. കുമ്പസാരം എന്തിന്?

കുമ്പസാരത്തിന്റെ ആവശ്യത്തിന് പ്രധാനമായും രണ്ട് കാരണങ്ങൾ ഉണ്ട്. വേദശാസ്ത്രപരമായും മനശാസ്ത്രപരമായും. വേദശാസ്ത്രപരമായി, പുരോഹിതന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ വേദപുസ്തകത്തിൽ നിഷ്കർഷിച്ചിരിക്കുന്നതാണ്. (യോശുവ 7:19) യഹോവയ്ക്ക് എതിരായി ആഖാൻ പാപം ചെയ്ത് പിടിക്കപ്പെട്ടപ്പോൾ യോശുവാ പറയുന്നത് ഇപ്രകാരമാണ്. "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് മഹത്വം കൊടുത്ത് അവനോട് ഏറ്റുപറയുക; നീ എന്തുചെയ്തു എന്നു പറയുക, എന്നോട് മറച്ചുവയ്ക്കരുത്." ഇവിടെ യോശുവായുടെ സാന്നിധ്യത്തിൽ ദൈവത്തോട് ഏറ്റുപറയുകയാണ് ആഖാൻ ചെയ്യുന്നത്. അതായത് യഹോവയ്ക്ക് വേണ്ടി യോശുവായോട് ഏറ്റുപറയുന്നു. അതോടൊപ്പം ഏറ്റുപറച്ചിലിനും വേദപുസ്തകാടിസ്ഥാനമുണ്ട്. സദൃശ്യ.28:13 "നിന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും". കൂടാതെ (1 യോഹന്നാൻ 1:9)" "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."

രണ്ടാമതായി മനശാസ്ത്രപരമായ അടിസ്ഥാനം. ഹൃദയത്തിൽ/മാനസികമായി പ്രയാസങ്ങൾ നേരിട്ടാൽ അത് അടിച്ചമർത്തി വയ്ക്കാതെ മറ്റൊരാളോട് പറഞ്ഞാൽ ആശ്വാസം കിട്ടുന്നു. കൗൺസിലിങ്ങിന്റെ തത്വവും ഇതുതന്നെയാണ്. പ്രയാസങ്ങൾ അമർത്തിവച്ചാൽ അത് മാനസികമായ പല പ്രശ്നങ്ങൾക്കും കാരണമാകുന്നു, അതിനാൽ അതു പങ്കുവയ്ക്കുന്നത് ആശ്വാസപ്രദമാണ് പങ്കുവയ്ക്കാൻ യോജിച്ച വ്യക്തി പുരോഹിതനാണ്.

2. പട്ടക്കാരന്റെ മുൻപിലുള്ള രഹസ്യകുമ്പസാരത്തിന്റെ പ്രാധാന്യം എന്ത്? പാപങ്ങൾ നേരിട്ട് ദൈവത്തോട് പറഞ്ഞാൽ പോരെ?

പട്ടക്കാരന്റെ മുൻപിൽ കുമ്പസാരിക്കുന്നതിന്റെ അടിസ്ഥാനം കർതൃ വചനമാണ്. യോഹന്നാൻ 20:23. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു." അതായത് പാപമോചനത്തിനുള്ള അധികാരം പട്ടക്കാരന് നൽകിയിരിക്കുന്നു. അതിനാൽ പാപമോചനം ലഭിക്കുന്നു. കൂടാതെ തക്കതായ നിർദ്ദേശങ്ങളും ഉപദേശങ്ങളും തിരുത്തലുകളും നൽകുവാൻ പട്ടക്കാരന് സാധിക്കുന്നതുകൊണ്ടും പട്ടക്കാരന്റെ മുൻപിലുള്ള കുമ്പസാരത്തിന് പ്രാധാന്യം ഉണ്ട്.

3. കുമ്പസാരിക്കേണ്ട സമയം എപ്പോൾ? നിശ്ചിത കാലാവധിയിൽ കുമ്പസാരിക്കണമെന്നുണ്ടോ?

ആത്മാവിന് കുറ്റബോധം ഉണ്ടാകുമ്പോൾ കുമ്പസാരിക്കണമെന്നല്ലാതെ സമയപരിധി ഇല്ല. സഭയുടെ ഭരണഘടന അനുശാസിക്കുന്ന പ്രകാരം പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ട യോഗ്യതയായി ആണ്ടു കുമ്പസാരം നിശ്ചയിച്ചു. ഉദ്ദേശം ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ചിരിക്കണം എന്നതായിരുന്നു. എന്നാൽ ഇന്ന് പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ടി കുമ്പസാരിക്കുന്ന നിലയിലേക്ക് മാറിപ്പോയി.

സാധാരണയായി നോമ്പുകാലഘട്ടങ്ങളിൽ പ്രത്യേകിച്ച് വലിയ നോമ്പിൽ കുമ്പസാരിക്കുന്ന ഒരു പാരമ്പര്യം ഇന്ന് നിലവിലുണ്ട്. കാരണം നോമ്പിന്റെ സമയമായതുകൊണ്ട് കുമ്പസാരത്തിനുള്ള ഒരുക്കം സാധ്യമാകുന്നു. മുൻകാലങ്ങളിൽ പെസഹായ്ക്ക് മാത്രമായിരുന്നു വി. കുർബാന അനുഭവിച്ചിരുന്നത്. കൂടാതെ കുമ്പസാരിച്ചു മാത്രമേ വി. കുർബാന അനുഭവിക്കാവു എന്നു നിയമവും ഉണ്ടായിരുന്നു അതിനാലാണ് വലിയ നോമ്പിൽ ധാരാളം ആളുകൾ കുമ്പസാരിച്ചിരുന്നത്. എന്നാൽ ഇന്ന് ഹൂസോയോ പ്രാർത്ഥന വന്നതുകൊണ്ട് കുമ്പസാരത്തിന്റെ പ്രാധാന്യവും ഒരുക്കവും നഷ്ടമായി.

വിവാഹം, മാമോദിസ എന്നീ കൂദാശകൾക്ക് മുമ്പായി ബന്ധപ്പെട്ടവർ, വിവാഹത്തിന് വധുവരന്മാർ, മാമോദിസയേൽക്കുന്ന ആൾ അല്ലെങ്കിൽ ശിശുക്കൾക്കാണെങ്കിൽ മാതാപിതാക്കൾ, തലതൊടുന്ന ആൾ എന്നിവർ നിർബന്ധമായും കുമ്പസാരം നടത്തിയിരിക്കണം എന്ന് നിയമം ഉണ്ട്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കുമ്പസാരമെന്ന ചികിത്സ

ഫാ. ഡോ. കെ. എം. ജോർജ്

റൂമേനിയൻ ഓർത്തഡോക്സ് സഭയിലെ സമാരാധ്യനായ ദൈവശാസ്ത്ര ജ്ഞൻ ഫാദർ സ്റ്റാനിലോയേ അവിടെ ഇന്നു ജീവിച്ചിരിക്കുന്ന ഒരു സന്യാസി പട്ടക്കാരന്റെ കഥ പറയുന്നുണ്ട്. നല്ല ഒരു കുമ്പസാരപിതാവ് എന്നു പേരുള്ള ഈ സന്യാസിക്ക് ഒരു പ്രത്യേകതയുണ്ട്. തന്റെ അടുക്കൽ കുമ്പസാരിക്കാൻ വരുന്ന ഓരോ വ്യക്തിയും പാപങ്ങൾ ഏറ്റുപറയുമ്പോൾ, ആ പാപങ്ങളെക്കുറിച്ചു കുമ്പസാരപിതാവ് ദുഃഖിച്ചു കണ്ണീർ വാർക്കുന്നു. പട്ടക്കാരന്റെ ദുഃഖവും കണ്ണീരും കാണുമ്പോൾ കുമ്പസാരിക്കുന്ന ആളിന്റെ ഹൃദയത്തിൽ അനുതാപത്തിന്റെ പുതിയ ഉറവകൾ പൊട്ടുന്നു. അയാളും പശ്ചാത്തപിച്ചു കരയുന്നു. സത്യകുമ്പ സാരം നടക്കുന്നു. കുമ്പസാരിക്കുന്ന വ്യക്തി യഥാർത്ഥമായ മാനസ്സാന്തര ത്തോടെ തിരിച്ചു പോകുന്നു.

ശരിയായി കുമ്പസാരിപ്പിക്കാനുള്ള ഒരു 'പൊടിക്കൈ' പ്രയോഗമല്ല ഈ പട്ടക്കാരന്റെ കണ്ണുനീർ എന്നു ഫാദർ സ്റ്റാനിലോയെ എടുത്തു പറയുന്നു. കുമ്പ സാരിക്കുന്ന വ്യക്തിയോടു താദാത്മ്യം പ്രാപിച്ച് അയാളുടെ കുറ്റത്തെ സ്വയം ഏറ്റെടുത്തു കരയുകയാണു കുമ്പസാരപിതാവ്. മുടിയനായ പുത്രനോടു പിതാവ് കാണിക്കുന്ന ആഴമായ സഹാനുഭൂതിയാണ് ഇവിടെ കണ്ണീരിന്റെ കാരണം. തന്റെ മക്കൾക്കുവേണ്ടി കരയുന്ന പിതാവായ ദൈവത്തിന്റെ സ്നേഹമാണ് കുമ്പസാര പിതാവിൽ നിറഞ്ഞൊഴുകുന്നത്. കുമ്പസാരിക്കുന്നവരും, കുമ്പസാരിപ്പിക്കുന്ന വരും ഇവിടെ ഒരുമിച്ച് അനുതാപത്തോടെ ദൈവസന്നിധിയിൽ നിൽക്കുന്നു. ഇതാണ് ശരിയായ കുമ്പസ്സാരം. യാന്ത്രികമായി കുമ്പസ്സാരിപ്പിക്കുന്നവരും അകന്നു നിന്നു പാപമോചനം നൽകുന്നവരും, മുടിയനായ പുത്രനെ ഇരുകൈ കളും നീട്ടി സ്വീകരിക്കുന്ന പിതാവിന്റെ ഉരുകുന്ന ഹൃദയം അനുഭവിക്കുന്നില്ല.

1. കുമ്പസാരം സൗഖ്യദാനത്തിന്റെ കൂദാശയാണ്. രോഗികൾക്ക് രോഗശമനം നൽകുന്നതിനുവേണ്ടിയുള്ള തൈലാഭിഷേകത്തിന്റെ ഭാഗമായിട്ടു കുമ്പസാരം ക്രമീകരിച്ചിരിക്കുന്നു. 'എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു, തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ്, ഒരുവന് വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ' (യാക്കോ. 5:16). കുമ്പസാരത്തെക്കുറിച്ചുള്ള ഓർത്തഡോക്സ് ചിന്ത രോഗശാന്തിയോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പാപം രോഗമാണ്. അതുകൊണ്ട് ശിക്ഷയല്ല, ചികിത്സയാണ് അതിനാവശ്യം. കർത്താവ് സ്വർഗീയ വൈദ്യനായി നമ്മുടെ പാപരോഗങ്ങൾക്കുള്ള ഔഷധവുമായി വന്നു. താൻ നമ്മുടെ രോഗം ഏറ്റെടുക്കു കയും നമുക്കു സൗഖ്യം നൽകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് പാപം ഏറ്റുപറയുകയും ദൈവത്തിൽ നിന്നു പാപമോചനം പ്രാപിക്കുകയും ചെയ്യുന്ന ശുശ്രൂഷ ഒരു ചികിത്സാവിധി (therapy) യാണ്. ശിക്ഷയും പ്രായശ്ചിത്തവും വേദനയുമെല്ലാം ചിലപ്പോൾ ഈ ചികിത്സയുടെ ഭാഗമായി സ്വീകരിക്കാം. കുറ്റക്കാരനു ശിക്ഷ വിധിക്കുന്ന ന്യായാധിപനും രോഗിക്ക് ചികിത്സ ചെയ്യുന്ന വൈദ്യനും തമ്മിൽ വലിയ അന്തരമുണ്ട്. കുമ്പസാരത്തിൽ വൈദികൻ വൈദ്യ നാണ്. കർത്താവിന്റെ മനസ്സലിവാണ് പാപിയെ മാനസ്സാന്തരത്തിലേയ്ക്കു നയി ക്കുന്നത്. വൈദ്യനായ ദൈവത്തിന്റെ മരുന്നും ഇതു തന്നെ.

2. ഒരു വ്യക്തിക്കുണ്ടാകുന്ന രോഗങ്ങൾ ശരീരത്തിന്റെയോ മനസ്സിന്റേയോ ആത്മാവിന്റേയോ അയാളുടെ വ്യക്തിപരമായ പാപംകൊണ്ടോ പൂർവികരുടെ പാപം കൊണ്ടോ ആകണമെന്നു നിർബന്ധമില്ല. കർത്താവ് ഇതു വ്യക്തമാക്കിയി ട്ടുണ്ട് (യോഹ. 9:3). എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ രോഗങ്ങൾ മനുഷ്യന്റെ വീഴ്ചയുടെയും ദൈവത്തിൽ നിന്നുള്ള ഐതര്യത്തിന്റെയും അടയാളമാണെന്നു ചിന്തിക്കാം. കാരണം രോഗം ആത്യന്തികമായി മരണത്തിലേക്കു നയിക്കുന്നു. അതുകൊണ്ട് രോഗങ്ങൾക്ക് അടിസ്ഥാനമായി ഒരു ആത്മീയ ഘടകമുണ്ട്. ആധു നിക വൈദ്യശാസ്ത്രത്തിലും മനോരോഗചികിത്സയിലും ഈ ആത്മീയഘട കത്തെ ഗൗരവമായി എടുത്തിട്ടില്ല. സൈക്കോതെറാപ്പിയും കൗൺസിലിംഗും വ്യാപകമായി മനോരോഗ ചികിത്സയിൽ ഇന്ന് ഉപയോഗിക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യങ്ങളുള്ള ചികിത്സകന്മാർ പോലും ഇത്തരം കാര്യങ്ങളിൽ ഉപരിപ്ല വമായ പല മനഃശാസ്ത്രാഭിപ്രായങ്ങളെയാണ് പിൻതുടരുന്നത്. വലിയ മനോ രോഗ ചികിത്സകനായിരുന്ന ക്രിസ്തുവിന്റെ മാതൃക ഇവർ പഠിക്കേണ്ടതാണ്. കുമ്പസാരത്തിന്റെ വൈദ്യഘടകം നാം ഗൗരവമായിട്ടെടുത്ത് ഗൗരവതരമായ പാപങ്ങളും മനസ്സിന്റെ ആതുരമായ അവസ്ഥയും തമ്മിലുള്ള ബന്ധം വൈദികർ പഠിക്കേണ്ടതാണ്. കുമ്പസാരത്തെ കൂടുതൽ പ്രസക്തവും പ്രയോജനപ്രദവുമാ ക്കാൻ ഇവ നമ്മെ സഹായിക്കും.

3. വ്യക്തിയുടെ പാപത്തെ വ്യക്തിപരമായ മണ്ഡലത്തിൽ ഒതുക്കാതെ, അതു സഭാശരീരത്തിനുണ്ടാകുന്ന വ്രണമാണെന്നു കുമ്പസാരിക്കുന്ന വ്യക്തിയെ ബോധ്യപ്പെടുത്തേണ്ടതാണ്. അനുതാപത്തിന്റെ കൂട്ടായ വശം മനസ്സിലാക്കാൻ ഇതു നമ്മെ സഹായിക്കും. ആദിമസഭയിൽ പരസ്യപാപങ്ങൾക്കു പരസ്യമായ ഏറ്റുപറച്ചിൽ നടത്തിയിരുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഒരവയവം പാപം ചെയ്താൽ അതു ശരീരത്തെ മുഴുവനായി ബാധിക്കും. അതുകൊണ്ടാണ് നാം മുകളിൽ കണ്ട കുമ്പസാര പിതാവും കുമ്പസാരക്കാരനോടൊരുമിച്ചു കരഞ്ഞ് അനുതപിക്കുന്നത്. കുമ്പസാരത്തിന്റെ സാമൂഹ്യമാനം (coporate dimension) സഭ ശരിയായി മനസ്സിലാക്കിയാൽ വിപ്ലവകരമായ മാറ്റം സഭാ ജീവിതത്തിലുണ്ടാകും.

4. പട്ടമേല്ക്കാൻ വിളിച്ചപ്പോൾ ആദ്യം ഒളിച്ചോടിപ്പോയ നാസിയാൻസിലെ വിശുദ്ധ ഗ്രീഗോറിയോസ് (4-ാം നൂറ്റാണ്ടിൽ) താൻ എന്തുകൊണ്ടു പൗരോ ഹിത്യം സ്വീകരിക്കാൻ മടികാണിച്ചു എന്നതിനെക്കുറിച്ച് ഒരു ദീർഘമായ പ്രസംഗം പിന്നീട് ചെയ്തു. അതിൽ ക്രിസ്തീയ പൗരോഹിത്യത്തെക്കുറിച്ച് ആഴമായും മനോഹരമായും പ്രതിപാദിക്കുന്നുണ്ട്. സഭാംഗങ്ങൾ എല്ലാവരും ആത്മീയമായി ഒരേ ആവശ്യങ്ങൾ ഉള്ളവരോ, ഒരുപോലെ പ്രതികരിക്കുന്നവരോ അല്ലാത്തതുകൊണ്ട് ഇടയനായ വൈദികന്റെ ചുമതലയും സമീപനരീതികളും അതിസങ്കീർണ്ണമാണ് എന്നദ്ദേഹം പറയുന്നു. എല്ലാവരും ആത്മീയമായും മാന സികമായും ഒരേ അച്ചിലിട്ടു വാർത്തവരല്ലാത്തതുകൊണ്ട് അജപരിപാലന ശുശ്രൂ ഷയിൽ 'കൊട്ടത്താപ്പ്' പ്രയോഗങ്ങൾ ഒഴിവാക്കണം എന്നു വിശുദ്ധ ഗ്രീഗോറി യോസ് ഉപദേശിക്കുന്നു. കുമ്പസാരത്തിലും ഇതു ശരിയാണ്. ആണ്ടു കുമ്പസാരം കൊട്ടത്താപ്പ് പ്രയോഗമാണ്. എല്ലാ ആളുകളും ഒരേ രീതിയിലോ ഒരേ സമ യത്തോ ഒരേ അളവിലോ അല്ല അനുതാപം പ്രകടിപ്പിക്കുന്നത്. അനുതാപം ഒട്ടും പുറമേ കാണിക്കാത്തവരുമുണ്ട്. ഈ വൈവിധ്യമെല്ലാം കണക്കിലെടുക്കുന്ന ഒരു കുമ്പസാര ശുശ്രൂഷ പ്രയോഗത്തിൽ വരുത്തുന്നതിനെക്കുറിച്ചു നാം ഗൗര വമായി ചിന്തിക്കേണ്ടതാണ്.

5. അനുരഞ്ജന കൂദാശ (sacrament of reconciliation) എന്നാണ് ഇന്നു പൊതുവെ കുമ്പസാരം അറിയപ്പെടുന്നത്. ദൈവത്തെയും മനുഷ്യനെയും തമ്മിലും മനുഷ്യനെയും മനുഷ്യനെയും തമ്മിലും മനുഷ്യനെയും ഇതര പ്രകൃ തിയെയും തമ്മിലും ഒന്നാക്കുന്ന ഒരു കൂദാശയായി നാം ഇതിനെ കാണുമ്പോൾ കുമ്പസാരത്തിന്റെ പുതിയ ചക്രവാളങ്ങൾ വ്യക്തമാകും. കാനോനുകളുടെയും ആചാരങ്ങളുടെയും പരിമിതികൾക്കുള്ളിൽ മാത്രം കുമ്പസാരത്തെ കാണാതെ, വിപുലമായ അതിന്റെ അനുരഞ്ജനസാദ്ധ്യതകൾ കണ്ടെത്തുവാൻ പരിശുദ്ധാ ത്മാവിന്റെ വഴികാട്ടൽ നമുക്കാവശ്യമാണ്. ചുരുക്കത്തിൽ, നന്നായി കുമ്പസാരി പ്പിക്കാനുള്ള കഴിവ് പരിശുദ്ധാത്മാവിന്റെ ദാനമാണ്. അങ്ങനെ നൽവരങ്ങൾ ലഭിച്ചിട്ടുള്ള വ്യക്തികളെ കണ്ടെത്തുകയും സഭയ്ക്കുവേണ്ടി ആ നൽവരത്തെ കൂടുതൽ ഉപയോഗിക്കുവാൻ അവരെ പ്രേരിപ്പിക്കയും ചെയ്യുകയെന്നതു വൈദി കരുടെ ഇടയശുശ്രൂഷയുടെ ഒരു ഭാഗം തന്നെയാണ്.

❑

കുമ്പസാരത്തെ ക്രൂശിക്കരുത്

ഡോ. എം. കുര്യൻ തോമസ്

സമീപദിനങ്ങളിൽ മലങ്കരസഭയിലെ ഏതാനും വൈദികരുമായി ബന്ധപ്പെട്ട ആരോപണം മാധ്യമങ്ങളിൽ കത്തിനിൽക്കുകയാണ്. കേരളാ പോലീസും സഭയുടെ കമ്മീഷനുകളും അന്വേഷിക്കുന്ന ആ വിഷയം അല്ല ഇവിടെ പരാമർശിക്കപ്പെടുന്നത്. നിയമം അതിന്റെ വഴിക്കു പോകട്ടെ. പക്ഷേ അതിന്റെ മറവിൽ സഭയ്ക്കുള്ളിലും പുറത്തും കുമ്പസാരം എന്ന കൂദാശയ്ക്കെതിരെ വ്യാപകമായി നടത്തുന്ന പ്രചരണമാണ് പ്രശ്നം.

കുമ്പസാരം (Confession) മലങ്കരസഭയുടെ അടിസ്ഥാന കൂദാശകളിൽ ഒന്നാണ്. സഭാംഗത്വത്തിന്റെ അടിസ്ഥാന യോഗ്യതകളെപ്പറ്റി വിവരിക്കുന്ന മലങ്കരസഭാ ഭരണഘടനയുടെ നാലാം വകുപ്പ് ... *ഏഴു കൂദാശകളുടെ കർമ്മങ്ങൾ, നോമ്പ് മുതലായി നിയമാനുസരണമുള്ള അനുഷ്ഠാനങ്ങൾ എന്നിവയിലും വിശ്വാസമുള്ളവരും അവയെ അനുഷ്ഠിക്കേണ്ട ബാദ്ധ്യത സ്വീകരിച്ചിട്ടുള്ളവരും ആയ എല്ലാ സ്ത്രീപുരുഷന്മാരും ഈ സഭയിലെ അംഗങ്ങൾ ആയിരിക്കുന്നതാകുന്നു...* എന്ന് ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ട്.

സ്വന്ത പാപങ്ങൾ വൈദികന്റെ മുമ്പാകെ ഏറ്റുപറയുക എന്നതാണ് കുമ്പസാരം എന്നാണ് മിക്കവരും ധരിച്ചിരിക്കുന്നത്. അത് പൂർണ്ണമായും ശരിയല്ല. തെറ്റ് എന്നു സ്വയം ബോദ്ധ്യമാവുന്ന ഏതു സംഗതിയും ആരുടെ മുമ്പിലും ഏറ്റുപറയാം. പക്ഷേ അതുകൊണ്ട് കുമ്പസാരമാവില്ല. തെറ്റുകൾ പുരോഹിതന്റെ മുമ്പിൽ മാത്രമല്ല, മനഃസമാധാനത്തിനോ മറ്റു കാരണങ്ങൾകൊണ്ടോ സുഹൃത്തിന്റെയോ, മനഃശാസ്ത്രജ്ഞന്റെയോ, പോലീസിന്റെയോ കോടതിയുടെയോ എന്തിന് സ്വന്തം ഭാര്യ/ഭർത്താവിന്റെ മുമ്പിലോ ഏറ്റുപറയാം. പക്ഷേ അവയൊന്നും *കുമ്പസാരം* എന്ന കൂദാശ (Sacrament) ആവുന്നില്ല.

പാപങ്ങൾ ഏറ്റുപറയാതെയും പാപമോചനം സഭ നൽകുന്നുണ്ട്. *തലയ്ക്കു പിടിക്കൽ* എന്നു ഗ്രാമീണ ഭാഷയിലും, *ഹൂസോയാ* (പാപപരിഹാര പ്രാർത്ഥന) എന്നു അച്ചടി ഭാഷയിലും പറയുന്ന പാപമോചനമാണത്. പക്ഷേ വി. കുർബാന അനുഭവിക്കുന്നതിനു അനിവാര്യമായ പാപമോചനത്തിനു ഇത് മതിയാകുമെങ്കിലും *കുമ്പസാരം* എന്ന കൂദാശയുടെ പൂർത്തീകരണമായി സഭ കണക്കാക്കുന്നില്ല. എങ്കിലും ഇതിനും അപവാദമുണ്ട്. സുബോധത്തോടെ *രോഗശാന്തിക്കുള്ള തൈലാഭിഷേകം* എന്ന കൂദാശ (യാക്കോ. 5:15 പ്ശീത്താ) സ്വീകരിച്ച വ്യക്തിക്ക് വി. കുർബാന നൽകാൻ പിന്നീട് ഹൂസോയോ പ്രാർത്ഥന നടത്തുകയോ ആരോഗ്യമുണ്ടെങ്കിൽപ്പോലും കുമ്പസാരിപ്പിക്കുകയോ ചെയ്യാറില്ല. തൈലാഭിഷേക ശുശ്രൂഷയിൽ വ്യക്തമായ പാപമോചനം ഉള്ളതിനാൽ അത് അനാവശ്യമാണെന്നാണ് മുതിർന്ന വൈദികരുടെ അഭിപ്രായം. ഇത്തരമൊരു സംഭവത്തിനു ഈ ലേഖകൻ ദൃക്സാക്ഷിയാണ്.

ഓർത്തഡോക്സ് സഭയുടെ അടിസ്ഥാന വിശ്വാസമനുസരിച്ച് പാപമോചനമാണ് (Absolution) കുമ്പസാരത്തിന്റെ കാതൽ. പാപമോചനം നൽകാൻ കാനോനികമായ പട്ടത്വം ഉള്ള വൈദികർക്കു മാത്രമാണ് അധികാരമുള്ളത്. അത് കർത്തൃകല്പിതവുമാണ് (മത്താ. 16:18-19). അവർക്കൊഴികെ മുകളിൽ പരാമർശിച്ചവരെപ്പോലുള്ളവർക്ക് അത്തരമൊരധികാരമില്ല. പാപമോചനം നൽകുമ്പോൾ മാത്രമാണ് കുമ്പസാരം, ഒരു *കൂദാശ* എന്ന നിലയിൽ പൂർത്തീകരിക്കപ്പെടുന്നത്. പാപമോചനം നൽകാനുള്ള കുമ്പസാരം എന്ന കൂദാശയിൽ മാത്രമാണ് *കുമ്പസാര രഹസ്യം* സൂക്ഷിക്കാൻ ശ്രവിതാവ് ബാദ്ധ്യസ്ഥനായിരിക്കുന്നത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ *കുമ്പസാരം* എന്ന കൂദാശയുടെ പ്രായോഗികതയിൽ ആണ് പലർക്കും തെറ്റിദ്ധാരണകൾ ഉള്ളത്. അവ വിശദീകരിക്കാൻ മാത്രമാണ് ഇവിടെ ശ്രമിക്കുന്നത്.

ഒന്നാമതായി, മലങ്കരസഭയുടെ പാരമ്പര്യമനുസരിച്ച് സഭയിലെ ഏതു വൈദികന്റെ മുമ്പിലും സഭാംഗത്തിന് കുമ്പസാരിക്കാം. വികാരിയുടേയോ ഇതര നിശ്ചിത വൈദികരുടെയോ മുമ്പിൽ മാത്രമേ കുമ്പസാരിക്കാവൂ എന്ന് യാതൊരു നിബന്ധനയും സഭയ്ക്കില്ല. അപ്രകാരം ചെയ്യണമെന്നും സഭ നിഷ്കർഷിക്കുന്നില്ല. പല വലിയ ഇടവകകളിലും കുമ്പസാരിക്കാൻ തിരക്കു കൂടുന്ന വലിയ നോമ്പു കാലത്ത് പല വൈദികരുടേയും സേവനം ഇതിനായി സ്വീകരിക്കാറുണ്ട്. സ്വന്തം ഇടവകയിലല്ലാതെ ക്രമമായി കുമ്പസാരിക്കുന്നവരുണ്ട്. പ്രത്യേകിച്ചു കാരണമൊന്നുമില്ലെങ്കിലും വർഷങ്ങളായി സ്വന്തം ഇടവകയിൽ കുമ്പസാരിക്കാത്തവരുമുണ്ട്.

രണ്ടാമതായി, കുമ്പസാരിക്കുന്ന വ്യക്തി, വൈദികന്റെ മുമ്പിൽ സ്വന്തം പേരോ വ്യക്തിത്വമോ (Identity) വെളിപ്പെടുത്തേണ്ടതില്ല. വെളിപ്പെടുത്തണമെന്നു നിർബന്ധിക്കാനുമാവില്ല. പാപമോചനം നൽകുന്ന പുരോഹിതന് തെറ്റിന്റെ വിശദാംശങ്ങൾ *കിള്ളിക്കിഴിച്ചു* ചോദിക്കാനുമാവില്ല. പാപമോചനം കാംക്ഷിക്കുന്ന വ്യക്തിക്ക് സ്വയം തെറ്റ് എന്നു ബോദ്ധ്യമാവുന്നത് പറഞ്ഞാൽ അതു കേൾക്കുക മാത്രമാണ് പുരോഹിതന് സാദ്ധ്യമാവുന്നത്. കുമ്പസാരിക്കുന്ന വ്യക്തി ചെയ്ത ഒരു തെറ്റിനു കുമ്പസാരിപ്പിക്കുന്ന വൈദികൻ ദൃക്സാക്ഷി ആണെങ്കിൽപോലും ആ വ്യക്തി അതു സ്വമേധയാ ഏറ്റുപറഞ്ഞില്ലെങ്കിൽ - *വക്കീൽഭാഷയിൽ* പറഞ്ഞാൽ, *ചോദിച്ചു വരുത്തുവാൻ* - പുരോഹിതന് അവകാശമില്ല. പാപമോചനത്തിൽ *വ്യക്തി* അപ്രസക്തമാണ്. തന്റെ പാപങ്ങൾ സ്വയം ഏറ്റുപറഞ്ഞ് പാപമോചനം അർത്ഥിക്കുന്നവർക്കു അതു നൽകാൻ മാത്രമാണ് കുമ്പസാരിപ്പിക്കുന്ന പുരോഹിതന് അധികാരം. ബൈബിളും സഭയും ചില പാപങ്ങൾ നിർവചിച്ചിട്ടുണ്ടെങ്കിലും അവ കുമ്പസാരത്തിൽ ഏറ്റുപറയണമെന്ന് ആരെയും നിർബന്ധിക്കാനോ അവ ഓരോന്നായി ചോദിക്കുവാനോ കാർമ്മികന് അധികാരമില്ല. ആരെങ്കിലും അത്തരം പാപം മറച്ചുവെച്ചാൽ അത് അവരുടെ മാത്രം ബാദ്ധ്യതയും നിയമപ്രകാരം മറ്റൊരു പാപവുമാണ്.

ഇവയിൽ പലതിനും ലിഖിത നിയമങ്ങൾ ഒന്നും കണ്ടിട്ടില്ല. ഒരുപക്ഷേ ഉണ്ടായിരിക്കാം. എന്നാൽ പരിണിതപ്രജ്ഞരായ മുതിർന്ന വൈദികരിൽ നിന്നും, അവർക്കു പരമ്പരാഗതമായി ഗുരുക്കന്മാരിൽ നിന്നും പകർന്നുകിട്ടിയ അറിവായി ലഭിച്ചതാണിവ. ഈ സീമകൾ ലംഘിക്കുന്ന അത്യപൂർവം വൈദികർ ഇന്ന് ഉണ്ടെന്നും ഈ ലേഖകനറിയാം. പക്ഷേ പ്രതികരിച്ചാൽ സമാധാനം പറയാൻ അവർ ബാദ്ധ്യസ്ഥരാണെന്നതും അറിയാം. വിരളമായി അങ്ങനെ സംഭവിച്ചിട്ടുമുണ്ട്. അതും നേരിട്ടറിയാം.

ഇവിടെ ന്യായമായ ഒരു സംശയം ഉയരാം. മലങ്കരസഭാ ഭരണഘടന 8-ാം വകുപ്പനുസരിച്ച് ... *ഇടവകയോഗാംഗങ്ങളുടെ പേരു വിവരം അടങ്ങിയ ഇടവക യോഗ രജിസ്റ്ററും കുമ്പസാരിച്ചിട്ടുള്ളവരുടെ പേരുവിവരം അടങ്ങിയ കുമ്പസാര രജിസ്റ്ററും ഉണ്ടായിരിക്കേണ്ടതാകുന്നു*... ഇത് എങ്ങിനെ പൊരുത്തപ്പെടും? ഉത്തരം വളരെ ലളിതമാണ്. സ്വയം ആഗ്രഹിക്കുന്നുണ്ടെങ്കിൽ മാത്രം കുമ്പസാര രജിസ്റ്ററിൽ പേരു ചേർത്താൽ മതി! പല പള്ളികളിലും കുമ്പസാര രജിസ്റ്ററിൽ പേര് എഴുതുന്നത് സ്വയമായാണ്. എഴുതിയില്ലെങ്കിലും ഒന്നും സംഭവിക്കില്ല. ദശാബ്ദങ്ങളായി സമയബന്ധിതമായി കുമ്പസാരിക്കുകയും ഒരിക്കൽപ്പോലും രജിസ്റ്ററിൽ പേര് എഴുതാതിരിക്കുകയും ചെയ്യുന്നവരെ ഈ ലേഖകനറിയാം.

എങ്കിൽപ്പിന്നെ എന്താണ് കുമ്പസാര രജിസ്റ്ററിന്റെ സാംഗത്യം? അതും സഭാഭരണഘടന തന്നെ വ്യക്തമാക്കുന്നുണ്ട്. ...*ഇരുപത്തിഒന്നു വയസ്സ് പ്രായം തികഞ്ഞവരും ആണ്ടിൽ ഒരു തവണ എങ്കിലും കുമ്പസാരിച്ച് വി. കുർബാന കൈക്കൊള്ളുന്നവരും ഇടവക രജിസ്റ്ററിൽ പേരുള്ളവരുമായ എല്ലാ സ്ത്രീപുരുഷന്മാരും ഇടവകയോഗത്തിൽ അംഗങ്ങളായിരിക്കും*... എന്ന് ഏഴാം വകുപ്പ് നിഷ്കർഷിക്കുന്നു. അതിന് ഇത്തരം ഒരു രജിസ്റ്റർ അനിവാര്യമാണ്.

പക്ഷേ ഇതിന് ഇടവകപ്പള്ളിയിൽത്തന്നെ കുമ്പസാരിക്കണമെന്നു യാതൊരു നിർബന്ധവുമില്ല. കാനോനികമായി പാപമോചനാധികാരം ഉള്ള ഏതു വൈദികന്റെ മുമ്പിലെങ്കിലും കുമ്പസാരിച്ചാൽ മതി. ഇടവകയോഗത്തിൽ അംഗത്വം നിലനിർത്താൻ അവിടെനിന്നൊരു സാക്ഷ്യപത്രം ഹാജരാക്കണമെന്നു മാത്രം. അങ്ങനെ ചെയ്യുന്ന അനേകരുണ്ട്. വികാരിക്ക് വേണമെങ്കിൽ അതിന്റെ സാധുത പരിശോധിക്കാനുള്ള അവകാശമുണ്ടെന്നു മാത്രം. വിവാഹം, മാമോദീസാ പോലെയുള്ള കൂദാശകൾക്കു മുന്നോടിയായി ബന്ധപ്പെട്ടവർ കുമ്പസാരിക്കണമെന്നു നിഷ്കർഷിക്കാറുണ്ട്. അവർക്കും ഈ സ്വാതന്ത്ര്യം ഉണ്ട്. അപ്രകാരം ഉള്ള താല്പര്യങ്ങൾ ഒന്നും ഇല്ലെങ്കിൽ ഒരു സാക്ഷ്യപത്രവും വേണ്ട. ബന്ധപ്പെട്ട കക്ഷികൾ വിശ്വാസയോഗ്യരെങ്കിൽ സാക്ഷ്യപത്രംപോലും ഇക്കാര്യങ്ങളിൽ പലപ്പോഴും ആവശ്യപ്പെടാറില്ല.

മലങ്കരസഭയുടെ നിലവിലുള്ള നിയമമനുസരിച്ച് ഒരാൾക്ക് ജീവിതകാലം മുഴുവൻ വേണമെങ്കിൽ കുമ്പസാരത്തിൽ നിന്നും ഒഴിഞ്ഞിരിക്കാം. അവർക്ക് ഇടവകയോഗാംഗത്വമോ പള്ളി ഭരണസമിതിയിൽ സ്ഥാനമോ ലഭിക്കില്ലെന്നു മാത്രം. പക്ഷേ അതുകൊണ്ടു സഭാംഗത്വം നഷ്ടപ്പെടില്ല. അതേസമയം *കുമ്പസാരം* എന്ന കൂദാശയെ തള്ളിപ്പറഞ്ഞാൽ മലങ്കരസഭാ ഭരണഘടനയുടെ നാലാം വകുപ്പുപ്രകാരം സഭാംഗത്വത്തിൽനിന്നും ഇതരനായിത്തീരും. വി. കുർബാന അനുഭവത്തിന്റെ കാര്യവും വിഭിന്നമല്ല.

ഇത് ബാലിശമായ ഒരു വാദമല്ല. ലോകത്തിൽ അംഗബലംകൊണ്ട് ഏറ്റവും വലിയ ഓറിയന്റൽ ഓർത്തഡോക്സ് സഭയായ എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ ജീവിതാന്ത്യം വരെ വി. കുർബാനാനുഭവം മാറ്റിവെയ്ക്കുന്ന അതീവ ഭക്തരായ വിശ്വാസികളുണ്ട്. വി. കുർബാന അനുഭവിച്ച ശേഷം വീണ്ടും പാപം ചെയ്യരുത് എന്ന സരളമായ വിശ്വാസത്താൽ ആ *പാപം* ഒഴിവാക്കാനാണ് അവർ അപ്രകാരം ചെയ്യുന്നത്!

ഈ ലേഖകന് *പട്ടത്വം* എന്ന കൂദാശയിൽ വിശ്വാസമുണ്ട്. പക്ഷേ പട്ടം സ്വീകരിച്ചിട്ടില്ല. മെത്രാന്മാർ അടക്കമുള്ള അവിവാഹിത പട്ടക്കാർക്ക് *വിവാഹം* എന്ന കൂദാശയിൽ വിശ്വാസമുണ്ട്. പക്ഷേ വിവാഹം കഴിച്ചിട്ടില്ല. അതുകൊണ്ടു മാത്രം ഇരുകൂട്ടരും സഭയിൽനിന്നും പുറത്താകുന്നില്ല. പക്ഷേ പട്ടത്വത്തിൽ വിശ്വാസമുള്ളതു കൊണ്ടുമാത്രം ഈ ലേഖകന് വി. കുർബാന അർപ്പിക്കാനോ, അവിവാഹിതപട്ടക്കാർക്ക് കുടുംബജീവിതം നയിക്കാനോ സാദ്ധ്യമല്ല. അതേപോലെ കുമ്പസാരം എന്ന കൂദാശയിൽ വിശ്വസിക്കുകയും എന്നാൽ കുമ്പസാരിക്കാതിരിക്കുകയും ചെയ്യുന്നവരും വി. കുർബാന എന്ന കൂദാശയിൽ വിശ്വസിക്കുകയും അത് അനുഭവിക്കാതിരിക്കുകയും ചെയ്യുന്നവരും ആ കാരണത്താൽ മാത്രം സഭയിൽനിന്നും പുറത്താകുന്നില്ല. പക്ഷേ അവർക്കു *പള്ളി ഭരിക്കാൻ* ആവില്ലെന്നു മാത്രം.

കുമ്പസാരം എന്ന കൂദാശയ്ക്കെതിരെ തീവ്രമായ പ്രചരണം ചില കോണുകളിൽ നിന്നും പണ്ടു മുതലേ ഉയരുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തെ മുതലെടുത്ത് അവർ ഈ പ്രചരണം ശക്തമാക്കിയതിനെ *താടിക്കു തീ പിടിക്കുമ്പോൾ ബീഡി കത്തിക്കുന്ന* പരിപാടിയായി കണക്കാക്കാം. എന്നാൽ ഈ സന്നിഗ്ദാവസ്ഥയിൽ കുമ്പസാരം എന്ന കൂദാശ നിരോധിക്കണമെന്നു സോഷ്യൽ മീഡിയായിൽ ആവശ്യപ്പെടുന്ന ഓർത്തഡോക്സ് വിശ്വാസികൾ എന്നവകാശപ്പെടുന്നവരോ? ഒരു സുഹൃത്തിന്റെ ഭാഷയിൽ: *പള്ളി പ്രമാണിയായി ഭരിക്കുകയും വേണം, കുമ്പസാരമടക്കമുള്ള സഭാ നിയമങ്ങൾ അനുസരിക്കാൻ താല്പര്യവുമില്ല*! ഇത് ഒട്ടും അനുവദനീയമല്ല; ഏതു പ്രമാണി ആണെങ്കിലും.

❑

അഖില മലങ്കര മാർ പക്കോമിയോസ് ക്വിസ്സ് മത്സരം

അഖില മലങ്കര ശുശ്രൂഷകസംഘം പിറവം യൂണിറ്റിന്റെ നേതൃത്വത്തിൽ പിതൃസ്മൃതി 2018 നടത്തുന്നു. അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ഈ മത്സരം ആഗസ്റ്റ് 12 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 1 മണിക്കു പിറവം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് തീർത്ഥാടനകേന്ദ്രത്തിൽ വച്ച് നടക്കും.

വിഷയം: 1. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രവും രചനകളും, 2. മലങ്കര സഭയുടെ കൂദാശകളും ആചാര അനുഷ്ഠാനങ്ങളും, 3. വി. യോഹന്നാന്റെ സുവിശേഷം, 4. 1653 മുതലുള്ള മലങ്കര സഭാചരിത്രം, 5. Current affairs and GK

നിബന്ധനകൾ: 1. ഒരു പള്ളിയിൽ നിന്നും 2 പേർ അടങ്ങുന്ന 2 ടീം വരെ പങ്കെടുക്കാം. വികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. പ്രായ-ലിംഗഭേദമെന്യേ മലങ്കര സഭയുടെ വിശ്വാസികൾക്ക് പങ്കെടുക്കാം

ആഗസ്റ്റ് 10-ന് മുമ്പായി രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യേണ്ട നമ്പർ WhatsAapp: 8848003008 / 9188341693 / 9446823391

3. ടീം അംഗങ്ങൾ ആഗസ്റ്റ് 12 (ഞായർ) 1 മണിക്കു മുമ്പായി പിറവം കാതോലിക്കേറ്റ് സെന്ററിൽ എത്തിച്ചേരേണ്ടതാണ്. 4. ക്വിസ്സ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും. 5. Registration fee : Rs 100/ church

സമ്മാനം

1. 5001 രൂപയും എവറോളിംങ്ങ് ട്രോഫിയും സർട്ടിഫിക്കറ്റും. 2. 3001 രൂപയും സർട്ടിഫിക്കറ്റും. 3. 1001 രൂപയും സർട്ടിഫിക്കറ്റും.

കാതോലിക്കാദിനപ്പിരിവ് ഏറ്റുവാങ്ങാൻ എത്തിയ പ. കാതോലിക്കാ ബാവ കോലഞ്ചേരി പ്രസാദം സെന്ററിൽ കൂടിയ പള്ളിപ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുന്നു.

വിശുദ്ധ കുമ്പസാരം എന്ന കൂദാശ

ഫാ.ജോൺസൺ പുഞ്ചക്കോണം

ക്രിസ്തീയസഭയുടെ അടിസ്ഥാന പ്രമാണങ്ങളായ ഏഴു കൂദാശകളിൽ ഒന്നായ വിശുദ്ധ കുമ്പസാരം നിർത്തലാക്കണമെന്നുള്ള ശുപാർശ കേന്ദ്ര സർക്കാരിന് ദേശീയ വനിതാ കമ്മിഷൻ അധ്യക്ഷ രേഖ ശർമ്മ നൽകിയതായി വാർത്ത വായിക്കുവാനിടയായി. ഇത് ശരിയാണെങ്കിൽ നൂറ്റാണ്ടുകളായി ക്രൈസ്തവ സഭയിൽ നിലനിൽക്കുന്ന അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയായ വിശുദ്ധ കുമ്പസാരം നിർത്തലാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. വിശുദ്ധ കുമ്പസാരത്തിൽ വീഴ്ച വരുത്തിയ വൈദികനെതിരെ സഭ കർശനമായ ശിക്ഷണ നടപടി സ്വീകരിക്കും എന്നതിൽ സംശയമില്ല. ഇവിടെ ഒരു കാര്യം നാം മറക്കരുത്.

രാഷ്ട്രീയത്തിലും, പ്രസ്ഥാനങ്ങളിലും, സ്ഥാപനങ്ങളിലും, സഭകളിലും, കുടുംബങ്ങളിലും തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിലും കുറ്റം ചെയ്യുന്നവർ എക്കാലവും നിരവധിയുണ്ടായിട്ടുണ്ട്. ഒരു കുടുംബത്തിൽ അഞ്ചു മക്കൾ ഉണ്ടെങ്കിൽ എല്ലാവരും ഒരേ സ്വഭാവക്കാരായിരിക്കണമെന്നില്ല. ചില പുഴുക്കുത്തുകൾ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അവരെ നിലവിലുള്ള നിയമമനുസരിച്ചു ശിക്ഷിക്കണം എന്നതിൽ ആർക്കും തർക്കമില്ല. തെറ്റ് ചെയ്ത വ്യക്തികളെ ശിക്ഷിക്കേണ്ടതിനു പകരം സഭയിലെ വിശുദ്ധ കൂദാശകൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ രാഷ്ട്രീയബോധം ഉൾക്കൊള്ളാനാകുന്നില്ല. വിവാഹവും ഒരു കൂദാശയാണ്. എന്നാൽ ഈ കൂദാശ സ്വീകരിച്ചിട്ടുള്ളവരിൽ ചിലർ ക്രൂരമായി പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്, ചിലർ കൊല്ലപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ട് വിവാഹം നിർത്തലാക്കണമെന്ന് ആവശ്യപ്പെടുവാൻ സാധിക്കുമോ? ഭാരതത്തിലെ ഒരു പൗരന് ഏതു മതവിശ്വാസപ്രകാരവും ജീവിക്കുവാനുള്ള അവകാശമുണ്ട് എന്നാണ് എന്റെ പരിമിതമായ അറിവ്. ആ അവകാശത്തിലേക്കുള്ള കടന്നുകയറ്റമാണ് ഇപ്പോൾ ഇക്കൂട്ടർ ചെയ്യുന്നത്.

മതസ്വാതന്ത്ര്യത്തിനും മതനിരപേക്ഷതയ്ക്കും പൗരന്റെ മൗലികാവകാശങ്ങൾക്കും ജനാധിപത്യത്തിനും പരിക്കേൽക്കുക എന്നുതന്നെയാണ് ഇതിന്റെ യർത്ഥം. മതനിരപേക്ഷതയെന്നതു ജനാധിപത്യ ഇൻഡ്യയുടെ ആത്മാവാണ്. ലോകത്തെ ഏറ്റവും വലിയ മതനിരപേക്ഷ രാഷ്ട്രമായ ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖം മുതൽ അവസാന ഖണ്ഡിക വരെ അത് ആവർത്തിച്ചു ഉറപ്പിച്ചു വ്യക്തമാക്കുന്നുണ്ട്. ഭാരതചരിത്രത്തിൽ പലപ്പോഴും മതനിരപേക്ഷതയുടെ പാറിപറക്കുന്ന ത്രിവർണ പതാകയ്ക്കു കീഴിൽ തന്നെ അതിന്റെ ആത്മാവിനെ ഹനിക്കുന്ന നടപടികളുണ്ടാകുവാൻ പാടില്ല എന്ന് ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കൊഴിഞ്ഞുവീണ ഇന്നലകളിലെ ചരിത്ര നാഴികക്കല്ലിൽ ലെജിസ്ലേറ്റീവിന്റെയും എക്സിക്യൂട്ടീവിന്റെയും പക്ഷത്തു നിന്നുണ്ടായിട്ടുള്ള ഇത്തരം നടപടികളെ ഭരണഘടന ഉപയോഗിച്ചുകൊണ്ടു തന്നെ പ്രതിരോധിക്കുകയും ഒരു പരിധിവരെ വിജയിക്കുകയും ചെയ്ത പാരമ്പര്യമാണ് ഇൻഡ്യയിലെ മതനിരപേക്ഷ പൗരബോധത്തിനുള്ളത്. ചിലപ്പോഴെങ്കിലും താൽക്കാലികമായി ഉണ്ടായിട്ടുള്ള വൈകാരിക വിക്ഷേപങ്ങളുടെ ആന്ദോളനങ്ങളാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട് കേവല ഭൂരിപക്ഷത്തിന്റെ സമ്മതിദാനം എന്ന അധികാരം ഉപയോഗിച്ച് മതനിരപേക്ഷതയുടെ പാളയത്തിനെതിരായപ്പോഴും നാടിനെ വർഗീയവൽക്കരിക്കാൻ കഴിയാത്ത രൂപത്തിൽ ഭരണഘടനയുപയോഗിച്ച് പോരാടാൻ മതനിരപേക്ഷ പൗരബോധത്തിന് കഴിഞ്ഞിട്ടുണ്ട്. ആ പൗരബോധമാണ് ഇവിടെ ഉണരേണ്ടത്. ഇൻഡ്യയിൽ ജീവിക്കുന്ന ഏതൊരു പൗരനും അയാളുടെ മതവിശ്വാസത്തെ ഒരു നിമിഷ നേരത്തേക്കെങ്കിലും മാറ്റിവെച്ചുകൊണ്ടേ രാജ്യത്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനാവുകയുള്ളു എന്നു വന്നാൽ അതോടു കൂടിത്തന്നെ നാം കെട്ടിപ്പൊക്കിയുണ്ടാക്കിയ മതനിരപേക്ഷസൗധം തകരുമെന്നതാണ് വസ്തുത. താൻ ശരിയെന്ന് വിശ്വസിക്കുന്ന ആദർശങ്ങളും അവ പ്രകാരമുള്ള ജീവിതവും പൂർണമായി ഉൾക്കൊണ്ടുതന്നെ രാഷ്ട്രപുനർനിർമാണ പ്രക്രിയയിൽ സജീവമാകുവാൻ പൗരന് സാധിക്കുന്ന സ്ഥിതിവിശേഷമാണ് രാഷ്ട്രമീമാംസയിലെ മതനിരപേക്ഷത. ഭാരതീയ ജനാധിപത്യത്തിന്റെ ആത്മാവാണിത്. ആ ആത്മാവിനെ ഞെക്കിക്കൊന്നു കഴിഞ്ഞാൽ ജനാധിപത്യം മരിക്കുക തന്നെ ചെയ്യും. അത്തരത്തിലുള്ള നീക്കത്തിൽനിന്ന് ഭരണാധികാരികൾ പിന്മാറണമെന്നാണ് ആവശ്യം. ഇന്നുണ്ടായിട്ടുള്ളതിനേക്കാൾ ഭയാനകമായ നിരവധി സംഭവങ്ങൾ ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്. അവിടെയൊന്നും ഇത്ര പെട്ടെന്ന് ഒരു വനിതാ കമ്മീഷനും ഇടപെട്ടതായി മുൻപെങ്ങും കണ്ടിട്ടില്ല. ഇതിന്റെയെല്ലാം പിന്നിലെ രാഷ്ട്രീയം വരുന്ന ലോകസഭാ ഇലക്ഷനാണ് എന്ന് തിരിച്ചറിയുവാൻ വലിയ ആലോചന ഒന്നും വേണ്ടിവരില്ല.

"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. എന്നാൽ നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9). ദൈവം മനുഷ്യവർഗ്ഗത്തോടുള്ള തന്റെ അനന്തമായ സ്നേഹവും കാരുണ്യവും പ്രകടമാക്കുന്നതിനുവേണ്ടി സ്ഥാപിച്ച ഏറ്റവും മനോഹരമായ കൂദാശകളിലൊന്നാണ് വിശുദ്ധ കുമ്പസാരം. മനുഷ്യന്റെ പാപമോചനത്തിനും, സഭയും ദൈവവുമായി അനുരഞ്ജനത്തിലേർപ്പെടുന്നതിനുമുള്ള ഏക മാർഗ്ഗം. കുമ്പസാരത്തിലൂടെ നാം പാപങ്ങൾ കഴുകിക്കളയുക മാത്രമല്ല, യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം പുനഃസ്ഥാപിക്കുകയും ദൃഢപ്പെടുത്തുകയും ചെയ്യുന്നു. യേശുക്രിസ്തു തന്റെ പരസ്യജീവിതകാലത്ത് സൗഖ്യം നൽകിയിരുന്നത് പാപങ്ങൾ ക്ഷമിച്ചുകൊണ്ടാണ്. "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു നടക്ക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു. എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു അവൻ പക്ഷവാതക്കാരനോടു: എഴുന്നേറ്റു, കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു" (മത്തായി 9:5, 6). ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് വ്യക്തമാക്കുവാൻ വേണ്ടിയുള്ളതായിരുന്നു ഈ അത്ഭുതങ്ങൾ. തന്റെ ഉത്ഥാനത്തിനു ശേഷം യേശുക്രിസ്തു ഈ അധികാരം ശിഷ്യന്മാർക്കു കൈമാറുന്നതായി കാണാം. "യേശു വീണ്ടും അവരോടു പറഞ്ഞു, നിങ്ങൾക്കു സമാധാനം, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ഇതു പറഞ്ഞിട്ട് അവൻ അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:21–23). പിന്നീട് ശിഷ്യന്മാരിൽ നിന്നും ഈ അധികാരം അവരുടെ പിൻഗാമികളായ വൈദികസ്ഥാനികൾക്കു നൽകപ്പെട്ടു. അധികാരമുള്ള വൈദികനോടു കുമ്പസാരിക്കുമ്പോൾ യേശുക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലയിലാണ് പാപങ്ങൾ മോചിക്കുന്നത്. ഇവിടെ ചെയ്തുപോയ പാപങ്ങളോർത്ത് ലജ്ജിച്ച് കുനിഞ്ഞ ശിരസോടെയാണ് കുമ്പസാരത്തെ സമീപിക്കുന്നത്. പക്ഷേ, പാപത്തോടുള്ള ലജ്ജ ഒരുവനെ ദൈവത്തിന് പ്രിയമുള്ളവനാക്കുന്നു. എല്ലാം ക്ഷമിക്കുവാൻ ദൈവം സദാ സന്നദ്ധനാണ്. അതിന് യോഗ്യരാകുവാൻ പാപത്തിൽ ലജ്ജിതരായാൽ മാത്രം മതി എന്നതാണ് ക്രിസ്തീയ വിശ്വാസം. അതുകൊണ്ടാണ് ക്രൈസ്തവവിശ്വാസികൾ പാപങ്ങൾ ഏറ്റുപറഞ്ഞ്, അവയ്ക്ക് പരിഹാരം ചെയ്തശേഷം വിശുദ്ധമായ ഒരു ഹൃദയത്തോടെ പരിശുദ്ധ കുർബ്ബാന സ്വീകരിക്കുവാൻ ഒരുങ്ങുന്നത്.

ഇതിനെ കുറിച്ച് വിശുദ്ധ വേദപുസ്തകം പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ "അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും."

മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്വാൻ.

"തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്ര കൊള്ളുന്നു" (1 കൊരി. 11:25-30). തന്മൂലം ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും, പാത്രത്തിൽ നിന്നും പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും, രക്തത്തിനും എതിരെ തെറ്റു ചെയ്യുന്നു. പാപം വഴി ദൈവവുമായുള്ള ഐക്യം നഷ്ടപ്പെടുന്ന ഒരു വ്യക്തിക്ക്, വീണ്ടും അതിലേക്കു തിരിച്ചുവരുവാൻ ദൈവത്തിൽ നിന്നുള്ള കൃപാവരം ഒന്നുകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമായ വിശുദ്ധ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഈ പ്രമാണം മാറ്റണമെന്നാണ് ഇപ്പോൾ ശുപാർശ ചെയ്തിരിക്കുന്നത്.

"പാപിയെ തെറ്റായ മാർഗ്ഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നവർ, തന്റെ ആത്മാവിനെ മരണത്തിൽ നിന്നും രക്ഷിക്കുകയും, തന്റെ നിരവധിയായ പാപങ്ങൾ തുടച്ചുമാറ്റുകയും ചെയ്യുന്നുവെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ" (യാക്കോബ് 5:20). പാപത്തിൽ മുഴുകിയിരിക്കുന്നവരോട് ഒരു വാക്കു കൊണ്ടെങ്കിലും തെറ്റ് തെറ്റാണെന്ന് പറയുവാനും, അവരെ ആ സാഹചര്യങ്ങളിലേക്ക് വലിച്ചിഴയ്ക്കുന്ന അവസ്ഥകളെപ്പറ്റി അറിയുവാനും, മനുഷ്യനാൽ കഴിയുന്നതരത്തിൽ അവരെ ആശ്വസിപ്പിക്കാനും കുമ്പസാര പിതാവിന് സാധിച്ചാൽ അതവർക്ക് ജീവിതത്തിൽ ഒരുപാട് ആശ്വാസം ലഭിക്കുന്നതിനും പാപത്തെ വിട്ടകന്ന് യേശുക്രിസ്തുവിനോട് കൂടെയായിരിക്കുവാനുമുള്ള ഒരു പ്രചോദനവുമായിത്തീരാം. ഒപ്പം ദൈവം നമുക്കു നൽകുന്ന വലിയ അനുഗ്രഹവും.

വേദവിചാരം

സോഷ്യൽ മീഡിയയിൽ നിന്നും പ്രൈം ടൈമുകളിൽ നിന്നും കണ്ണുകളെ വേദപുസ്തകത്തിലേക്കു തിരിക്കുക

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ബൈബിൾ വിശ്വാസികൾക്ക് വെളിച്ചം പകരുന്ന ഗ്രന്ഥമാണ്. മറ്റൊരു പുസ്തകവും ഏറെ വായിച്ചിട്ട് കാര്യമില്ല. നമ്മുടെ പ്രൈം ടൈം (Prime Time) വേദ പുസ്തകം വായിക്കുന്നതിലേയ്ക്ക് മാറ്റപ്പെടണം. അപ്പോൾ മാധ്യമങ്ങളിലെ പ്രൈം ടൈമിന്റെ റേറ്റിംഗ് ഇല്ലാതാകും. അമേരിക്കയിൽ പല പത്രങ്ങളുടെയും പ്രസിദ്ധീകരണം അവസാനിച്ചു. ഡിട്രോയിറ്റ് എന്ന പട്ടണത്തിലെ പ്രശസ്തമായ ഡിട്രോയിറ്റ് ടൈംസ് എന്ന പത്രസ്ഥാപനം അടച്ചു പൂട്ടി. കള്ളം പറയുന്ന പ്രൈം ടൈമുകളും മാധ്യമങ്ങളും ഇല്ലാതാക്കപ്പെടും. ചരിത്രത്തിൽ ഇന്നുവരെ അതാണ് നടന്നിട്ടുള്ളത്. ആര് ചീത്ത ഫലം പുറപ്പെടുവിച്ചാലും അത് ചുവടോടെ വെട്ടി തീയിൽ ഇടപ്പെടും. മാധ്യമങ്ങൾ നടത്തുന്ന നുണപ്രചരണങ്ങൾ നാം തിരിച്ചറിയണം.

സഭയുടെ സത്യവിശ്വാസത്തെയോ കൂദാശയെയോ ഇല്ലാതാക്കാം എന്ന് ആരെങ്കിലും തെറ്റിദ്ധരിക്കുന്നെങ്കിൽ അത് സാധ്യമാവുകയില്ല. നന്മയിൽ നിന്ന് നന്മ പുറപ്പെടുവിക്കാൻ കഴിയണമെന്ന് കർത്താവ് പഠിപ്പിക്കുന്നു. നന്മ ഹൃദയത്തിൽ നിറഞ്ഞു കവിയണം.

നമ്മുടെ പ്രൈം ടൈമുകൾ ബൈബിളിലേക്ക് തിരിക്കാനും (face to Book) പ്രാർത്ഥനയ്ക്കായി വേർതിരിക്കുവാനും കഴിയണം. ഇല്ലായെങ്കിൽ ചരിത്രം നമ്മോട് ക്ഷമിക്കുകയില്ല. ദൈവത്തിന്റെ സഭയെ ആർക്കും തകർക്കുവാൻ കഴിയുകയില്ല. അത് തെക്കെ ഇന്ത്യയിൽ അവസാനിച്ചാൽ മറ്റൊരിടത്തു ശക്തമായി വളരും. അതാണ് ചരിത്രം. ആർക്കും അതിനെ നിശ്ശേഷം തകർക്കുവാൻ കഴിയുകയില്ല. ബൈബിളിലേയ്ക്ക് അനേകർ തിരിയുന്ന കാലമാണ്. പരുമല തിരുമേനി ദൈവവചനത്തിൽ നിന്ന് സത്യം ഉൾക്കൊണ്ട് ആ സത്യം ജനങ്ങളെ പഠിപ്പിച്ച വിശുദ്ധനാണ്. നന്മ പുറപ്പെടുവിക്കാൻ കഴിയണം. തിന്മയിൽ നിന്ന് അകന്നിരിക്കണം. ഏതാണോ തിന്മ അതിൽ നിന്നും അകലണം.

ഇന്ന് നെഗറ്റീവ് ന്യൂസും ഫോർവേഡ് ചെയ്യുന്ന കാലമാണ്. ബൈബിൾ വായിച്ച് നന്മയും സത്യവും ഫോർവേഡ് ചെയ്യുവാനാണ് പഠിക്കേണ്ടത്. നന്മ പകർന്നു കൊടുക്കുവാൻ കഴിയണം.

സഭയെക്കുറിച്ച് ആരും കരയേണ്ട. സഭയ്ക്ക് ഒരു ദോഷവും വരുകയില്ല. നമ്മെ ഒന്ന് നന്നാക്കുവാൻ കഴിയുമെങ്കിൽ എല്ലാം നന്നാകും. നമ്മളാണ് സഭ. നമ്മിൽ നിന്നാണ് വൈദികർ ഉണ്ടാകുന്നത്. നമ്മിൽ നിന്നാണ് മെത്രാപ്പോലീത്തന്മാരും പരിശുദ്ധന്മാരും ജനിക്കുന്നത്. അതിനാൽ ദൈവത്തിന്റെ ജീവനുള്ള ഗ്രന്ഥത്തിലേയ്ക്ക് നോക്കി നന്മകൾ ഉൾക്കൊള്ളുവാൻ കഴിയണം. നന്മ ജഢം

ധരിച്ചു എന്നാണ് വേദപ്രമാണം. അത് കൃപയും സത്യവും നിറഞ്ഞ് നമ്മുടെ ഇടയിൽ പാർത്തു. വചനത്തെ ഗർഭം ധരിക്കുവാൻ, വചനത്തെ ധ്യാനിക്കുവാൻ ദൈവം നമ്മെ കരുതുകയും വഴി നടത്തുകയും ചെയ്യും. ശാന്തിയിലും സമാധാനത്തിലും നമുക്ക് ജീവിക്കാം.

(പരുമല സെമിനാരിയിൽ ജൂലൈ 23-നു ചെയ്ത പ്രസംഗത്തിൽ നിന്നും)

മൂന്നാം ഇന്റോ-ബഹറിൻ കുടുംബ സംഗമം 2018 ആഗസ്റ്റ് 11-ന് പരുമലയിൽ

മനാമ: മലങ്കര ഓർത്തഡോക്സ് സഭയുടെ മധ്യപൂർവ്വ ദേശത്തിലെ മാതൃദേവാലയമായ ബഹറിൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ നടത്തുന്ന ഇന്റോ-ബഹറിൻ കുടുംബ സംഗമം ആഗസ്റ്റ് 11-ന് രാവിലെ വിശുദ്ധ കുർബ്ബാനയോട് കൂടി പരുമല സെമിനാരിയിൽ വച്ച് നടത്തുന്നു. ഇടവകയിൽ നിന്ന് പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ വന്നവരേയും അവധിക്ക് എത്തിയിരിക്കുന്നവരെയും ഒരുമിച്ച് ചേർത്ത് അഞ്ച് വർഷം കൂടുമ്പോൾ നടത്തുന്ന മൂന്നാമത്തെ കുടുംബ സംഗമം ആണ് ഇപ്പോൾ നടക്കുന്നത്.

കത്തീഡ്രലിന്റെ ഡയമന്റ് ജൂബിലി (60 വർഷം) വേളയിൽ നടക്കുന്ന ഈ കുടുംബ സംഗമത്തിന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും, ബോംബേ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും, സാമൂഹിക, മത, രാഷ്ട്രീയ പ്രമുഖരും പങ്കെടുക്കുമെന്ന് ഇടവക വികാരി ഫാദർ ജോഷ്വാ ഏബ്രഹാം, സഹ വികാരി ഫാദർ ഷാജി ചാക്കോ, ട്രസ്റ്റി ലെനി പി. മാത്യു, സെക്രട്ടറി റോയി സ്കറിയ എന്നിവർ അറിയിച്ചു.

"ദൈവം അകലുമ്പോൾ നഷ്ടങ്ങളും ദുരിതങ്ങളും ഉണ്ടാകും. അപ്പോൾ ആ കാരണം കൊണ്ട്, ഈ കാരണം കൊണ്ട് എന്നൊന്നും വിചാരിക്കാതെ തങ്ങളുടെ പാപം കൊണ്ടു ദൈവം അകന്നുപോയതിനാൽ എന്ന് ഓർത്തു ദൈവത്തെ മുറുകെപ്പിടിക്ക; താൻ കൃപ ചെയ്യും."

- പ. പരുമല തിരുമേനി

വേദനാദം-24

വലിയ ചോദ്യവും, കുഞ്ഞുത്തരങ്ങളും

പെന്തികോസ്തിക്ക് ശേഷം-പത്താം ഞായർ

(വി. മത്തായി 18:1-14)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

പല ചോദ്യങ്ങളും നമ്മിലെ സ്വാർത്ഥതയുടെ പ്രകാശനങ്ങളാണ്. എന്നാൽ പ്രശ്നോത്തരങ്ങളെ ഒരു ഗുരു എങ്ങിനെ അവതരിപ്പിക്കുന്നുവെന്നത് വളരെ പ്രസക്തമാണ്. വലിയവനാരെന്ന ലോകത്തിന്റെ ചോദ്യത്തിന് ക്രിസ്തുശിഷ്യത്വത്തിന്റെ പ്രതീകമായ ഒരു ശിശുവെന്ന അതിനിർമ്മലമായ ഒരുത്തരം! സന്യാസ വഴികളിൽ തീക്ഷ്ണതയുടെ പ്രതീകമായിരുന്ന കുംമ്റാൻ സമൂഹത്തിൽ പോലും ചില പ്രത്യേക സ്ഥാനക്രമങ്ങൾ ഉണ്ടായിരുന്നുവത്രേ. ഇതൊക്കെ മനസ്സിലാക്കി പരിചയിച്ച കർത്തൃശിഷ്യന്മാർക്ക് ചില വ്യക്തികളോ, സമൂഹങ്ങളോ പത്രോസിന് പ്രത്യേക പരിഗണഗന നൽകുന്നതിലുള്ള അമർഷവും മറ്റും ഉണ്ടാവുന്നിൽ അതിശയോക്തിയില്ല. ഇതെല്ലാം സ്വർഗ്ഗരാജ്യത്തിലെ *വലിയവൻ ആരാണ്* എന്ന *ചോദ്യത്തിലേക്ക് നയിച്ചു എന്ന് ചില വ്യഖ്യാതാക്കൾ പറയുന്നു. കർത്താവ് ഇവിടെ അവതരിപ്പിച്ച ഉത്തരം ഒരു ശിശുവായിരുന്നു. അത് ആ സമൂഹത്തിലെ ജീവിക്കുന്ന, മുഴക്കമുള്ള ഉത്തരമായിരുന്നു. ലാളിത്യമാർന്ന ചില കുഞ്ഞ് ജീവിതങ്ങളിലേക്കുള്ള കർത്താവിന്റെ ക്ഷണം വിനയത്തിലേക്കും, ദാരിദ്യവ്രതങ്ങളിലേക്കുമുള്ള തുറവിയായി തീരുന്നു.*

1. പദവികളെ മർദ്ദന ഉപകരണമാക്കരുത്

കർത്താവ് നടുവിൽ നിർത്തിയ *ആ ശിശു* അവരുടെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരമായി. ഈ ശിശു അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് ആണ് എന്നത് സുവിദിതമാണല്ലോ. കർത്താവ് അവനെ എടുത്തു എന്ന അർത്ഥത്തിൽ *ദൈവം വഹിച്ചവൻ* എന്നർത്ഥമുള്ള *തെയോഫോറസ്* എന്ന അപരനാമവും അദ്ദേഹത്തിന് ലഭിച്ചു. ഓർത്തഡോക്സ് ഐക്കൺ പാരമ്പര്യവും ഈ കാര്യങ്ങളെ ബലപ്പെടുത്തുന്നുണ്ട്. വി. യോഹ. 6.9 ൽ അപ്പവും മീനും കൊണ്ടുവന്ന ബാലനും ഇദ്ദേഹമായിരുന്നുവെന്ന് ചില ലെജൻഡ്സ് പ്രസിദ്ധമാണ്.

ഇന്നത്തെ ലോകസാഹചര്യങ്ങളിൽ ഈ ഉദാഹരണം വിശകലനം അർഹിക്കുന്നുണ്ട്. സ്ത്രീകളും കുട്ടികളും ആണ് ലോകത്തിൽ ഏറ്റവും ചൂഷണം അനുഭവിക്കുന്ന രണ്ട് വിഭാഗങ്ങൾ. ഗലാത്യ ലേഖനത്തിലെ ഒരു സൂചന *അവകാശി... ശിശുവായിരിക്കുന്നിടത്തോളം ദാസനേക്കാൾ ഒട്ടും സവിശേഷതയുള്ളവനല്ല* (ഗലാത്യ 4:1) എന്നാണല്ലോ. ശിശുവിന് എല്ലാം ദാനങ്ങളായിട്ടാണ് പരിഗണിക്കപ്പെട്ടു വന്നത്. അത് യോഗ്യതയുടെയോ മറ്റും വിധത്തിലാണ് എന്ന് ചിന്തിക്കപ്പെട്ടിരുന്നില്ല. *പദവികൾ ഒന്നും ഇല്ലാത്ത ഒരു ശിശു സ്വർഗ്ഗരാജ്യത്തിനർഹനാണ് എന്ന് പറയുമ്പോൾ സ്വർഗ്ഗരാജ്യ പരിഗണനകൾ ലോകത്തിന്റെ ക്രമങ്ങളിൽ നിന്ന് വ്യത്യസ്തമെന്ന് സൂചിപ്പിക്കപ്പെടുന്നു. ശിശുക്കൾ ദുർബലരാണ്.* എല്ലാവിധത്തിലും അവരെ കരുതേണ്ടവർ തന്നെ അവരെ ചൂഷണം ചെയ്യുന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ ലോകം വിഭാവനം ചെയ്യുന്ന *മഹത്വം,* പണവും പദവിയും നൽകുന്നത് മാത്രമാണ്. ശിശുവിന് സഹജമായ നൈർമ്മല്യമാണ് യേശു ശിഷ്യത്വത്തിന്റെ പ്രധാനതത്ത്വമായി കാണുന്നത്. *ബാലവേലയും ലൈംഗിക ചൂഷണവും* അടക്കമുള്ള സാമൂഹ്യ തിന്മകളുടെ ഇരകളായി കുഞ്ഞുങ്ങൾ തീരുന്നുണ്ട്. ദൈവികനൈർമ്മല്യത്തെ കൊന്നൊടുക്കുന്ന ഇത്തരം തിന്മകൾക്കെതിരെ നാം ജാഗരൂകത പാലിക്കേണ്ടത് ആവശ്യമാണ്.

അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസ്

2. വളർച്ചയുടെ വഴിയിൽ നഷ്ടപ്പെട്ട നന്മയാണ് ശൈശവം

ശിശുക്കളുടെ അകവും പുറവുമെല്ലാം ഒന്ന് തന്നെയാണ്. അവർ നൈസർഗീകതയുടെ നേരവകാശികളാണ്. ആ അടിസ്ഥാന സ്വഭാവം മനുഷ്യന് ഉണ്ടാവേണ്ട ദൈവാശ്രയ സ്വഭാവത്തെയും,ദൈവം നമുക്ക് എല്ലാവർക്കും പിതാവാണ് എന്നതിനെയും വെളിപ്പെടുത്തുന്നു. *അപ്പോൾ എനിക്ക് വളർച്ചയുടെ വഴികളിൽ നഷ്ടപ്പെട്ട നന്മയാണോ ശൈശവം എന്ന് ചിന്തിക്കേണ്ടി വരുന്നു. അന്തോണി ഡി മെല്ലോ* കുറിച്ചതുപോലെ, ഗുരു പറഞ്ഞു *ഇതാണ് നിന്റെ തെറ്റ് നീ ദൈവത്തെ പുറത്ത് അന്വേഷിക്കുന്നു. എന്നാൽ അവനെ എനിക്ക് ഉള്ളിൽ കാണുവാനാകുമോ? നിന്റെ അകം തന്നെ നിന്റെ പുറവുമെന്ന് നീ കാണാത്തെന്ത്?*

ശ്രീനാരായണ ഗുരു എഴുതിയതുപോലെ *ശിശുവാകുകയെന്നാൽ അറിവും അർത്ഥവും, അകവും, പുറവുമെല്ലാം ഒന്ന് തന്നെയാവുക* എന്നത് തന്നെ! വിവിധ ഭാവങ്ങളുടെ മുഖംമൂടികൾ മാറി മാറി അണിയുന്നതാണ് വ്യക്തിത്വ വളർച്ചയുടെ അടിസ്ഥാനസ്വഭാവമെന്ന് മനഃശാസ്ത്രകാരന്മാർ. *പേർസോണാ* എന്ന പദം തന്നെ *മുഖം മൂടി* എന്ന അർത്ഥം ഉള്ളതാണ്. എല്ലാം ശിശുക്കളിൽ ശുദ്ധ ഭാവത്തിൽ കാണാം. ചിരിയും കരച്ചിലും എല്ലാം നൈസർഗികമായി സംഭവിക്കുന്നതാണ്. സ്നേഹം തന്നെ ഒരു നടനഭാവമാക്കി മാറ്റിയ നമ്മുടെ ലോകത്ത് നിന്ന് ഒരു പൈതലിനെ പോലെ പിതാവിങ്കലേക്ക് ദൃഷ്ടിയുയർത്തുവാനാവുന്ന ദൈവാശ്രയം വർദ്ധിപ്പിക്കണേ എന്ന് പ്രാർത്ഥിക്കാം. അതുകൊണ്ട് ശിഷ്യത്വത്തിന്റെ പ്രഥമഭാവം ശിശുവാണ് എന്നെനിക്ക് തോന്നിയിട്ടുണ്ട്. സർവ്വശക്തനായ പിതാവിനോട് ഒരു പൈതലിനെപ്പോലെ കൊഞ്ചുവാനും,പിണങ്ങാനും, കരയുവാനും ചിരിക്കാനുമുള്ള സ്വാതന്ത്ര്യം. ഇതിനെയാണ് വിശ്വ ഗുരുവായ *പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി* ആരാധനയുടെ സ്വാതന്ത്ര്യത്തിലൂടെ വരച്ച് കാട്ടിയത്. കാലമൊരുപാട് താണ്ടിയിട്ടും നമുക്ക് കുഞ്ഞുങ്ങളുടെ ദൈവത്തെ പിടികിട്ടാത്തതെന്ത് എന്ന് നമ്മോട് തന്നെ ചോദിക്കാം. നമ്മിലെ ശൈശവ നൈർമ്മല്യങ്ങൾ കൈമോശം വന്നതുകൊണ്ടാവുമോ? ❑

കോതമംഗലം ചെറിയപള്ളി: കോടതി ഉത്തരവിന്റെ വിശദാംശങ്ങൾ

കോതമംഗലം ചെറിയപള്ളി സംബന്ധിച്ചുണ്ടായ മൂവാറ്റുപുഴ മുൻസിഫ് കോടതിയുടെ വിധിയെ തുടർന്ന് ഓർത്തഡോക്സ് സഭാംഗങ്ങൾ ഈ പള്ളി പിടിക്കാൻ വരുന്നു എന്നും, വ്യാജരേഖ ചമച്ചുണ്ടാക്കി പള്ളിയിൽ അധികാരം സ്ഥാപിക്കുന്നത് എന്ത് വില കൊടുത്തും തടയുമെന്നും ഒരു വിഭാഗം നിരന്തരം പ്രസ്താവനകൾ ഇറക്കുകയാണ്. പള്ളിയുമായി ബന്ധപ്പെട്ട നിയമപരമായ കാര്യങ്ങൾ മനസിലാക്കാതെ കോതമംഗലത്തെ പലരും ഈ അസത്യ പ്രസ്താവനകൾ ഏറ്റെടുത്തിട്ടുണ്ട് എന്നാണ് അറിയാൻ കഴിയുന്നത്. എന്നാൽ വാസ്തവത്തിൽ എന്താണ് ഈ വിധിയിൽ ഉണ്ടായിട്ടുള്ളത് എന്ന് വിശദമാക്കേണ്ടത് എന്റെ കടമയായി ഞാൻ കരുതുകയാണ്.

1. 1977 ൽ ഒ.എസ്. 12/1977 നമ്പർ ആയും, പിന്നീട് കേരളാ ഹൈക്കോടതിയിൽ ഒ.എസ്. 1/1979 ആയി റീ നമ്പർ ചെയ്തും കോതമംഗലം ചെറിയപള്ളി ഇടവകക്കാർ, ഈ ദേവാലയം മലങ്കര ഓർത്തഡോക്സ് സഭയുടെ 1934-ലെ ഭരണഘടന പ്രകാരം ഭരിക്കപ്പെടുന്ന ഇടവകയാണ് എന്ന് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ഹർജി നൽകി. സഭയുടെ 1934-ലെ ഭരണഘടനയ്ക്ക് വിരുദ്ധമായി പള്ളിയിൽ കൂടിയ പൊതുയോഗവും കമ്മിറ്റി യോഗങ്ങളും അസാധുവായി പ്രഖ്യാപിക്കണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യങ്ങൾ നിരാകരിച്ച് ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവായി. ഇതിന്മേൽ വാദികൾ എ.എസ്. 359/1980 നമ്പർ ആയി ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ബഹു കേരളാ ഹൈക്കോടതി വാദികളുടെ ആവശ്യം അംഗീകരിച്ചു ഉത്തരവായി. ഇതിന്മേൽ പ്രതികൾ (യാക്കോബായ വിഭാഗം) സുപ്രീംകോടതിയെ സമീപിച്ചു. ഇതിന്മേൽ വാദം കേട്ട സുപ്രീംകോടതി 02-05-1997-ൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി ഉത്തരവ് പുറപ്പെടുവിച്ചു.

2. സുപ്രീംകോടതി ഉത്തരവ് നടപ്പാക്കുന്നതിനായി ഓർത്തഡോക്സ് സഭാംഗങ്ങൾ വിധി നടത്തിപ്പ് ഹർജിയുമായി കോടതിയെ സമീപിച്ചു. എന്നാൽ 2002-ൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ആകമാനം സുപ്രീംകോടതി ഇടപെട്ടു ജസ്റ്റിസ് മളീമഠ് നിരീക്ഷകനായി നിയമിച്ചു നടത്തിയ മലങ്കര അസോസിയേഷൻ യോഗത്തോടെ കോതമംഗലം ചെറിയപള്ളിയുടെ ഡിക്രിയും നടപ്പായി എന്ന് യാക്കോബായ വിഭാഗം വാദിച്ചു. ഈ വാദം സുപ്രീംകോടതി അംഗീകരിച്ച് ഓർത്തഡോക്സ് സഭാംഗങ്ങൾ നല്കിയ വിധി നടത്തിപ്പ് ഹർജി സുപ്രീംകോടതി തള്ളിക്കളഞ്ഞു.

ഇപ്പോൾ മൂവാറ്റുപുഴ മുൻസിഫ് കോടതിയിലും കോതമംഗലം ചെറിയപള്ളിക്കു വേണ്ടി യാക്കോബായ വിഭാഗം വാദിച്ചതും "2002-ലെ പരുമല അസോസിയേഷൻ യോഗത്തിലൂടെ ചെറിയപള്ളിയുടെ വിധിനടത്തിപ്പ് പൂർണ്ണമായി" എന്നാണ്. അതുകൊണ്ട് തന്നെ ഈ പള്ളി മലങ്കരസഭയുടെ പള്ളിയാണെന്നും അത് ഭരിക്കപ്പെടേണ്ടത് 1934-ലെ സഭാഭരണഘടനപ്രകാരമാണെന്നും മൂവാറ്റുപുഴ മുൻസിഫ് കോടതി കണ്ടെത്തി വിധി പ്രസ്താവിച്ചതിൽ പ്രകോപിതരാകുന്നത് എന്തുകൊണ്ടാണെന്ന് മനസിലാവുന്നില്ല.

അഹമ്മദാബാദ് ഭദ്രാസന വൈദിക സമ്മേളനത്തിന് ഡോ. ഗീവർഗീസ് മാർ യൂലിയോസും ഡോ. ജോഷ്വാ മാർ നിക്കോദിമോസും നേതൃത്വം നൽകുന്നു.

3. കോടതിയിൽ ഒന്ന് വാദിക്കുകയും പുറത്തു പള്ളിയിൽ മറ്റൊന്ന് നടപ്പാക്കുകയുമായിരുന്നു ഇതുവരെയുള്ള രീതി. അതുകൊണ്ടുതന്നെ മൂവാറ്റുപുഴ മുൻസിഫ് കോടതിയുടെ വിധി അംഗീകരിക്കാൻ ഉദ്ദേശ്യമില്ലായിരുന്നു എങ്കിൽ എന്തിനാണ് കേരളാ ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകരെ മൂവാറ്റുപുഴയിൽ കൊണ്ടുവന്നു കേസ് വാദിപ്പിച്ചത്. കേസ് ജയിച്ചാൽ അത് നിയമ വിജയം; തോറ്റാൽ ഹർത്താൽ, പ്രകടനം, കോലംകത്തിക്കൽ. ഇത് പരിഷ്കൃത സമൂഹത്തിലും അതിപുരാതനമായ മാർതോമാ ചെറിയപള്ളി ഇടവകയ്ക്കും ചേർന്നതല്ല.

4. മൂവാറ്റുപുഴ മുൻസിഫ് കോടതി വിധി 1980-ലെ കേരളാ ഹൈക്കോടതി വിധിയുടെ തുടർച്ച മാത്രമാണ്. അന്നു വിധിച്ചത് പലതരം കള്ളത്തരങ്ങൾ കൊണ്ട് മറച്ചുവച്ചിരുന്നത് ഇന്ന് നടപ്പാവാൻ പോകുന്നു എന്ന് മാത്രം.

5. ഈ കോടതിവിധി കലഹത്തിനുള്ളതല്ല. കോതമംഗലം ചെറിയപള്ളി വ്യവസ്ഥാപിത ഭരണത്തിലേക്ക് വരികയാണ്. സഭയുടെ ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ട് ഇടവക മുന്നോട്ടുപോകും. അതുകൊണ്ട് ഭരണഘടന അനുസരിച്ച് ഭരിക്കപ്പെട്ടിരുന്ന സഭയുടെ സമാധാന കാലഘട്ടത്തിലെ വികാരിയായ യശശരീരനായ വന്ദ്യ കെ. സി. സഖറിയ അച്ചന്റെ സുവർണ്ണ കാലഘട്ടത്തിലേക്കുള്ള മാർഗരേഖയായി ഈ വിധി മാറും. ആയത് ഇടവകയുടെ സമാധാന കാലഘട്ടത്തിലേക്കുള്ള ആദ്യ പടിയാണ് എന്നും പറയാം.

6. കോതമംഗലത്തെ പൗരസമൂഹം വളരെ പ്രബുദ്ധരാണ് എന്നതിൽ തർക്കമില്ല. ഈ പട്ടണത്തിന്റെയും ദേശം മുഴുവന്റെയും വിളക്കാണ് ചെറിയപള്ളി. പ. ബാവായുടെ കബറിടം അനുഗ്രഹത്തിന്റെ കലവറയാണ്. ഇത് അണയാതെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. രാജ്യത്തെ നിയമത്തെയും കോടതിയെയും വെല്ലുവിളിച്ചല്ല നാം ഇത് സാധിക്കേണ്ടത്. അതിനോട് അനുസരണ പുലർത്തിയും നീതിപൂർവം കാര്യങ്ങൾ മനസിലാക്കിയും വിലയിരുത്തിയുമാണ്. അതിനായി ഇടവക മുഴുവനായും കോതമംഗലത്തെ പൗരാവലിയുടെയും ആത്മാർത്ഥമായ സഹകരണം ആവശ്യപ്പെട്ടുകൊണ്ട്,

മലങ്കരസഭയ്ക്കുവേണ്ടി,
വികാരി
മാർത്തോമാ ഓർത്തഡോക്സ് ചെറിയപള്ളി
കോതമംഗലം

ക്ലൗദിയയ്ക്ക് ഒന്നാം റാങ്ക്

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും എം. ടെക്. അഗ്രികൾച്ചറൽ എഞ്ചിനിയറിംഗിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ക്ലൗദിയ കെ. എൽ.

കുന്നംകുളം കുത്തൂർ ലോഫ്സന്റെയും മിനിയുടെയും മകളും മെയിൻ റോഡ് സെന്റ് ഗ്രീഗോറിയോസ് ഇടവകാംഗവും ആണ്.

പൗലോസ് മാർ പക്കോമിയോസിന്റെ ഓർമപ്പെരുന്നാൾ തെയോ ഭവനിൽ

മാവേലിക്കര: ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന പൗലോസ് മാർ പക്കോമിയോസിന്റെ ആറാം ഓർമ പെരുനാളിന് ശനിയാഴ്ച തുടക്കം കുറിക്കും. ഭദ്രാസന ആസ്ഥാനമായ തഴക്കര തെയോ ഭവൻ അരമനയിൽ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ കൊടിയേറ്റ് നിർവഹിക്കും. ഭദ്രാസന സെക്രട്ടറി ഫാ. എബി ഫിലിപ്, മുൻ സെക്രട്ടറിമാരായ ഫാ. വി. എം. മത്തായി വിലനിലം, ഫാ. ജേക്കബ് ജോൺ കല്ലട തുടങ്ങി വൈദികരും ഭദ്രാസന കൗൺസിൽ അംഗങ്ങളും ചടങ്ങിൽ സംബന്ധിക്കും.

28-ന് ശനിയാഴ്ച രാവിലെ 7.30 ന് കുർബാന, 2.30 ന് എം.ജി.ഒ.സി.എസ്. എം. നേതൃസംഗമം. ഡോ. പോൾ മണലിൽ മുഖ്യപ്രഭാഷണം നടത്തും.

മാർ പക്കോമിയോസ് സ്മാരക പ്രതിഭാസംഗമം, ദൈവവിളി കോൺഫറൻസ്, യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അഖണ്ഡ പ്രാർഥന എന്നിവ തുടർന്നുള്ള ദിവസങ്ങളിൽ നടക്കും. 31-ന് സന്ധ്യയ്ക്ക് ഏഴിന് ജോഷ്വാ മാർ നിക്കോദിമോസ് അനുസ്മരണ പ്രഭാഷണം നടത്തും.

ഓഗസ്റ്റ് ഒന്നിന് രാവിലെ ഏഴിന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ കാർമികത്വത്തിൽ കുർബാന. ഫാ. ടി. ജെ. ജോഷ്വാ അനുസ്മരണ പ്രഭാഷണം നടത്തും. 9.30 ന് അവാർഡ് വിതരണം, 10 ന് കൊടിയിറക്ക് എന്നിവ നടക്കും.

"സഹോദരസ്നേഹത്തിലും ദൈവസ്നേഹത്തിലും ഐശ്വര്യമുള്ളവരായിരിപ്പിൻ. .... സഹോദരന്മാർ തമ്മിൽ ഒരിക്കലും വഞ്ചന പെരുമാറരുത്. ഐക്യതയിൽ നിന്നു വിട്ടകലുംതോറും ദൈവത്തിൽ നിന്നും വിട്ടകലും; നിശ്ചയമാണ്. ദൈവകൃപ കൂടാതെ ഒന്നും ആകുകയില്ലെന്നു നല്ല ശരത്തിൽ വിശ്വസിച്ച് ഉറച്ചു കൊൾക."

- പ. പരുമല തിരുമേനി

New Book

Know My Church Paperback
by Fr Jobin Varghese & Dn Jaison John
Dn Jaison John (Editor, Illustrator)
Fr Dr Bijesh Philip (Foreword)
Publisher: Sweettooth Publications Pvt Ltd
Price: Rs. 500/-

ഓർത്തഡോക്സ് മർത്തമറിയം വനിതാ സമാജം ഗൾഫ് മേഖല വാർഷിക സമ്മേളനം പരുമലയിൽ പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് ഉദ്ഘാടനം ചെയ്യുന്നു.

മർത്തമറിയം വനിതാ സമാജം ഗൾഫ് മേഖല സമ്മേളനം

പരുമല • ഓർത്തഡോക്സ് മർത്തമറിയം വനിതാ സമാജം ഗൾഫ് മേഖല വാർഷിക സമ്മേളനം പരുമല സെമിനാരിയിൽ പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡന്റ് ഫാ. മാത്യു വർഗീസ്, ജനറൽ സെക്രട്ടറി പ്രഫ. മേരി മാത്യു, ഗൾഫ് മേഖല സെക്രട്ടറി മോളി ഏബ്രഹാം, മുൻ സെക്രട്ടറി എലിസബത്ത് മാത്യു, മിനി ജോയ് എന്നിവർ പ്രസംഗിച്ചു.

യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഫാ. എൽവിൻ തോമസ് എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി. ഡോക്യുമെന്ററി പ്രദർശനം, ക്വിസ്, പൊതു ചർച്ച, റിപ്പോർട്ട് അവതരണം എന്നിവ നടന്നു. മർത്തമറിയം വനിതാ സമാജത്തിന്റെ ഗൾഫ് മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു.

പ്രധാന ശുശ്രൂഷകരെ ആദരിച്ചു

മാവേലിക്കര: മാവേലിക്കര ഭദ്രാസനത്തിലെ പ്രധാന ശുശ്രൂഷകരുടെ വാർഷിക യോഗം ഭദ്രാസന ആസ്ഥാനമായ തെയോ ഭവൻ അരമനയിൽ വെച്ച് നടത്തപ്പെട്ടു. മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെയും വിവിധ ഇടവകകളിൽ 40 വർഷത്തിനുമേൽ സേവനം അനുഷ്ഠിച്ച പ്രധാന ശുശ്രൂഷകരെയും യോഗത്തിൽ ആദരിച്ചു.

ഫാമിലി കോൺഫറൻസിന് അഭിമാനനേട്ടം

ജോർജ് തുമ്പയിൽ

കലഹാരി കൺവൻഷൻ സെന്റർ: അഭിമാനപൂരിതമായിരുന്നു ആ നിമിഷം, ധന്യത നിറഞ്ഞു നിന്ന മുഹൂർത്തം. ശക്തമായ ഫിനാൻഷ്യൽ മാനേജ്മെന്റ് മൂലം മിച്ചം പിടിച്ച ഒന്നരലക്ഷം ഡോളർ നോർത്ത് ഈസ്റ്റ് ഓർത്തഡോക്സ് അമേരിക്കൻ ഭദ്രാസനത്തിന്റെ അഭിമാനസ്തംഭമായ ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിനു നൽകി. ഭദ്രാസന അധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത സ്നേഹപൂർവ്വം ചെക്ക് ഏറ്റുവാങ്ങി. നിറഞ്ഞ കൈയടികളോടെ സദസ്യരും അതേറ്റുവാങ്ങി. ആഹ്ലാദാരവത്തിന്റെ നിമിഷങ്ങളിൽ സമർപ്പണത്തിന്റെയും സഹനത്തിന്റെയും വിജയമായിരുന്നു ഇത്. ഊണും ഉറക്കവുമില്ലാതെ നടത്തിയ പരിപാടിയുടെ വിജയതിലകമായി മാറി ഈ നേട്ടം. കഴിഞ്ഞവർഷവും ഒരു ലക്ഷം ഡോളർ കൈമാറിയിരുന്നു. റാഫിൾ ടിക്കറ്റ് വിതരണത്തിലൂടെ രണ്ടു ലക്ഷം ഡോളറും സുവനിയർ പരസ്യങ്ങളിലൂടെ 28,000 ഡോളറും ഇത്തവണ നേടാനായി.

അവിചാരിത സംഭവങ്ങളുടെ ആകെത്തുകയാണ് ജീവിതം

ബന്യാമിൻ

പത്തനംതിട്ട പ്രതിഭ കോളജിൽ മെറിറ്റ് അവാർഡുകൾ സമ്മാനിക്കാൻ പോയപ്പോൾ പ്രിൻസിപ്പലായ എസ്. പി. നായർ സാറിനോ മറ്റ് അധ്യാപകർക്കോ അറിയാത്ത ഒരു രഹസ്യം എനിക്കവിടെ പങ്കുവയ്ക്കാനുണ്ടായിരുന്നു.

എന്റെ പ്രിഡിഗ്രി കാലത്ത് ഞാൻ ആ കോളജിൽ രണ്ടു വർഷം ട്യൂഷൻ പഠിച്ചിട്ടുണ്ട് എന്നതായിരുന്നു ആ രഹസ്യം. എസ്. പി. നായർ സാറിന്റെ അത്യുജ്ജ്വലമായ ക്ലാസുകൾ എനിക്കൊരിക്കലും മറക്കാവുന്നതായിരുന്നില്ല. വേണ്ട വണ്ണം ഇംഗ്ലീഷ് വായിക്കാൻ പഠിപ്പിച്ചത് അദ്ദേഹമായിരുന്നു.

എന്റെ പ്രസംഗത്തിനിടെ അക്കാലത്തെ ഓർമ്മകൾ പങ്കുവയ്ക്കുമ്പോഴാണ് അവർ അതറിയുന്നത്. അങ്ങനെ ഓർത്തുവയ്ക്കാൻ തക്കവണ്ണം പ്രത്യേകതകൾ ഒന്നുമില്ലാത്ത ഒരു സാധാരണ വിദ്യാർത്ഥി മാത്രമായിരുന്നു ഞാൻ.

ഈ ദിവസത്തിന്റെ അദ്ഭുതം അവിടെ ആയിരുന്നില്ല. മാന്തളിരിലെ ഇരുപത് കമ്യൂണിസ്റ്റ് വർഷങ്ങൾ എന്ന നോവലിൽ - ഈ വാതിൽ ഒരു ദിവസം നിനക്ക് വേണ്ടിയും തുറക്കപ്പെടും - എന്നൊരു തലവാചകമുണ്ട്. മാന്തളിർ കുഞ്ഞൂഞ്ഞ് രണ്ടാമൻ എന്ന കഥാപാത്രം വിശ്വാസത്തിലേക്ക് തിരിയാൻ കാരണമാകുന്നത് സ്വന്തം ഇടവകയിലെ ശവമഞ്ചത്തിൽ അങ്ങനെയൊരു വാചകം കാണുമ്പോഴാണ്.

മുപ്പത് വർഷം മുമ്പ് പ്രതിഭയിലെ എന്റെ ഇംഗ്ലീഷ് അധ്യാപകനായിരുന്ന മാത്യൂസ് സാർ തന്റെ സ്വന്തം അനുഭവം ക്ലാസിൽ വിവരിച്ചതിലൂടെയാണ് ഈ വാചകവും കഥാസന്ദർഭവും എനിക്ക് വീണുകിട്ടുന്നത്. ഇക്കാലമത്രയും ആ അധ്യാപകനും ആ അനുഭവവും എന്റെ കൂടെയുണ്ടായിരുന്നു.

എന്റെ പ്രസംഗത്തിനിടയിൽ മഞ്ഞിനിക്കരക്കാരൻ ഒരു മാത്യൂസ് സാർ ഇവിടെ പഠിപ്പിച്ചിരുന്നത് ആരെങ്കിലും ഓർക്കുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചപ്പോൾ അതുവരെ എന്റെ തൊട്ടടുത്തിരുന്ന നരച്ച മനുഷ്യൻ ചാടി എഴുന്നേറ്റ് കൈ കൂപ്പിക്കൊണ്ട് ആ മാത്യൂസ് ഞാനാണ് എന്നു പറഞ്ഞു. ശരിക്കും ഞാൻ തകർന്നുപോയി.

മുപ്പത് വർഷം കൊണ്ട് അദ്ദേഹം ഏറെ മാറിപ്പോയെങ്കിലും അത്രനേരം എന്റെ അടുത്തിരുന്നത് മാത്യൂസ് സാർ ആണെന്ന് തിരിച്ചറിയാൻ എനിക്കായില്ലല്ലോ.

എത്രയോ കാലമായി ഈ അധ്യാപകനെ ഒന്ന് നേരിൽ കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാ സാറിന്റെ വാചകങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടെഴുതിയ പുസ്തകം എന്നു പറഞ്ഞുകൊണ്ട് 'മാന്തളിരിന്റെ' ഒരു കോപ്പി സമ്മാനിക്കണം എന്ന് ആഗ്രഹിക്കുന്നു.

അദ്ദേഹം എന്നേ പ്രതിഭ കോളജ് ഒക്കെ വിട്ടുപോയിക്കാണും എന്നായിരുന്നു എന്റെ വിചാരം. അതുകൊണ്ടു തന്നെ തികച്ചും നാടകീയമായ ആ കണ്ടുമുട്ടൽ എന്നെ ശരിക്കും പിടിച്ചുലച്ചു കളഞ്ഞു. ആ വേദിയിൽ നിന്ന് ഞാൻ വിതുമ്പിപ്പോയി. മാത്യൂസ് സാറും കരഞ്ഞു. തുടർന്ന് ഏറെനേരത്തേക്ക് സംസാരിക്കാൻ എനിക്ക് കഴിഞ്ഞതേയില്ല.

ഇങ്ങനെ ഒരു കണ്ടുമുട്ടലിനു വേണ്ടിയായിരുന്നു ഞാനിന്ന് അവിടെ പോയത് എന്ന് തോന്നിപ്പോകുന്നു.

അവിചാരിത സംഭവങ്ങളുടെ ആകെത്തുകയാണ് ജീവിതം എന്ന് ഈ ദിവസം ഒരിക്കൽ കൂടി എന്നെ ഓർമ്മിപ്പിക്കുന്നു.

എസ്. പി. നായർ, ബന്യാമിൻ, മാത്യൂസ്

മാത്യൂസ് സാർ പിന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതും അതു തന്നെ.

Expect the least expected in the least expected time.

(ജൂലൈ 24-ന് ഫെയിസ് ബുക്കിൽ എഴുതിയത്)

പുതിയപുസ്തകം

പടിയോലകൾ

(മലങ്കരസഭയിലെ പടിയോലകളെക്കുറിച്ചുള്ള സമഗ്രപഠനം)

വില : ₹ 280

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം

ഗ്രന്ഥകർത്താവ്: അഡ്വ. ഡോ. പി.സി. മാത്യു പുലിക്കോട്ടിൽ

ആവശ്യപ്പെടുക: അഡ്വ. ഡോ. പി.സി. മാത്യു പുലിക്കോട്ടിൽ
മെയിൻ റോഡ്, കുന്നംകുളം
പിൻ - 680 503, ഫോ: 04885 222216

ബഥനി കല കുവൈറ്റ് ഗ്രാമം

റാന്നി: പെരുനാട് ബഥനി ആശ്രമം ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി, ഭവനഭൂരഹിതരായ 10 കുടുംബങ്ങൾക്ക് വീടുകൾ നിർമിച്ചു നൽകുന്നതിന് ഒരേക്കർ സൗജന്യമായി നൽകി. കുവൈത്ത് കേരള ആർട് ലവേഴ്സ് അസോസിയേഷന്റെ (കല കുവൈത്ത്) പങ്കാളിത്തത്തോടെയാണ് വീടുകൾ പണിതു നൽകുന്നത്. 'ബഥനി കല കുവൈത്ത് ഗ്രാമം' എന്ന പേരിൽ ഇവിടം അറിയപ്പെടും.

സുകർമ ഹെൽത്ത് ഫൗണ്ടേഷൻ ഇ. കെ. നായനാർ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെന്ററാണ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. വീടൊന്നിന് നാലു ലക്ഷം രൂപ ചെലവഴിക്കാനാണ് പദ്ധതി. കല കുവൈത്താണ് സാമ്പത്തിക സഹായം നൽകുന്നത്. ബഥനി ആശ്രമത്തിലെ വൈദികർ, സിപിഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു, രാജു ഏബ്രഹാം എം.എൽ.എ., കല കുവൈത്ത് സെക്രട്ടറി ജി. തോമസ്, സുകർമ ഹെൽത്ത് ഫൗണ്ടേഷൻ സെക്രട്ടറി പി. കെ. ബിനു എന്നിവർ പങ്കെടുത്തു.

ദൈവത്തിൽ നിന്നും വഴുതിപ്പോകാതിരിക്കാൻ കറകൾ കഴുകികളയുക

ഫാ. ഡോ. ജേക്കബ് കുര്യൻ

നാം ഏവരും ഈ പ്രാർത്ഥന സംഗമത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ വിശുദ്ധ കുർബ്ബാന അനുഭവത്തിലേക്കുള്ള ഒരുക്കത്തിലാണ്. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 10:32-ൽ ഇങ്ങനെ പറയുന്നു. "അവർ യെറുശലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു. യേശു മുന്നിൽ നടന്നു. ശിഷ്യന്മാർ വിസ്മയിച്ചു. അനുഗമിക്കുന്നവരോ ഭയപ്പെട്ടു." യെറുശലേമിലേക്ക് യാത്ര ചെയ്യുന്ന ഒരു സമൂഹം, അതായിരുന്നു അന്ന് കർത്താവിനോടൊപ്പം അവരൊരു തീർത്ഥയാത്രയിലായിരുന്നു. അവർക്കായി മുൻപായി യേശു നടന്ന ഈ ദിനങ്ങളിൽ ഈ മണിക്കൂറുകളിൽ യേശു നമുക്കു മുൻപായി നടന്നുവെന്ന് നാം ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടാകും. കാരണം, എല്ലാം അവിടുത്തെ കൃപയാലും ക്രമീകരണങ്ങളാലും ഇത്രത്തോളം പൂർത്തീകരിക്കപ്പെട്ടു. മനോഹരമായ കയർ ഗാനാലാപം, വിവിധങ്ങളായ സെഷനുകൾ, അനുഗ്രഹകരമായ പ്രവർത്തനം, ചർച്ചകളിൽ ആത്മാർത്ഥമായ പങ്കാളിത്തം, ക്രമീകരണങ്ങൾ കുറ്റമറ്റതായി തീർന്ന ഒരനുഭവം, എല്ലാത്തിനുമുപരി പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന്റെ ഒരു തിരിച്ചറിവ്. അതുകൊണ്ട് അന്നു ശിഷ്യന്മാർക്ക് ഉണ്ടായിരുന്നതുപോലെയുള്ള അനുഭവമായിരിക്കട്ടെ ഇന്ന് ഇതിനു നേതൃത്വം നൽകുന്ന സഖറിയ മാർ നിക്കോളോവോസ് തിരുമേനിക്കും, വൈദികർക്കും ഉള്ളത്. അവരോടൊപ്പം യാത്ര ചെയ്യുന്ന ദൈവജനത്തിന് സ്നേഹം നിറഞ്ഞ ഭക്തി നിറഞ്ഞ ഒരു ഭയം, ദൈവഭയം അവരുടെ മനസ്സിൽ ഉണ്ടാകണം.

ദൈവഭയത്തിന് ഒരനുഭവം ഉള്ളിടത്ത് ആരും പറയാതെ മനനം പാലിക്കാനും ആരും നിർബന്ധിക്കാതെ അന്തരംഗങ്ങളിൽ ദൈവാത്മാവ് പ്രവർത്തിച്ച് അനുതാപത്തിന്റെ ഫലങ്ങൾ ഉണ്ടാകുവാനും ഇടയാകണം. ഞാനും നിങ്ങളും ജീവിതാനുഭവങ്ങളിൽ ലോകപ്രകാരം ചിലതൊക്കെ നേടിയാലും ആന്തരികമായിട്ട് താളടികൾ ആയിട്ട് കിടക്കുന്ന അവസരങ്ങളും അനുഭവങ്ങളും സാഹചര്യങ്ങളുമുണ്ടാകാം. എന്നാൽ ഭയപ്പെടേണ്ട, നമ്മുടെ ജീവിതാവസ്ഥയിലേക്ക് ഇറങ്ങിവന്ന് നമ്മെ തൊട്ട് ശുദ്ധീകരിച്ച് നമ്മെ രൂപാന്തരപ്പെടുത്തുന്ന ദൈവം തമ്പുരാന്റെ കൃപയിൽ നമ്മെ ഏൽപ്പിക്കാം.

ലോയി സി. ഡഗ്ലസ് എന്നു പറയുന്ന എഴുത്തുകാരനെക്കുറിച്ച് നിങ്ങൾ കേട്ടുകാണും. മനോഹരമായ ആത്മീയകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അതിൽ ഒരു പ്രസിദ്ധമായ കൃതിയാണ്, മേലങ്കി. വേറൊരു കൃതിയാണ് കണ്ണാടി. ഈ കണ്ണാടിയെന്നു പറയുന്ന കഥയ്ക്കുള്ളിൽ കർത്താവ് യേശുമിശിഹായും, ചുങ്കക്കാരനായ സഖായിയും തമ്മിലുള്ള ഇടപെടൽ, ബന്ധം അതാണ് ചിത്രീകരിച്ചിരിക്കുന്നത്. നമുക്കറിയാം, ചുങ്കക്കാരനായ സഖായിയുടെ കഥ എന്താണെന്ന്. അവനിൽ ഒരു വലിയ രൂപാന്തരമുണ്ടായി. ആ കഥയിൽ കർത്താവിനോടു സഖായി ചോദിക്കുന്നത് രേഖപ്പെടുത്തിയിരിക്കുന്നു. സഖായി എന്തുകൊണ്ടാണ് നിനക്ക് ഇത്ര മാത്രം മാറ്റം. നിന്റെ സ്വത്തിൽ പകുതി ദരിദ്രന് കൊടുക്കാൻ അപഹരിച്ച് എടുത്തുവെന്നു വിചാരിക്കുന്നത് നാലിരട്ടി തിരിച്ചുകൊടുക്കാൻ നീ തീരുമാനിച്ചതിന്റെ പിന്നിൽ എന്താണെന്നു പറയാമോയെന്നു കർത്താവ് തന്നെ ചോദിക്കുന്നു. അവൻ ഒരു ഉത്തരമാണ് പറഞ്ഞത്. ഗുരുവേ, നീ ആ അത്തിമരത്തിന്റെ ചുവട്ടിൽ വന്ന് മുകളിലേക്ക് നോക്കി എന്റെ പേര് ചൊല്ലി വിളിച്ചപ്പോൾ രൂപാന്തരപ്പെട്ടവനായ സഖായിയുടെ ചിത്രം എന്നെ സ്നേഹപൂർവ്വം നോക്കുവാനായി നിന്റെ കണ്ണുകളിൽ ഞാൻ കണ്ടു. ഇന്നിതാ ഇവിടെ സ്നേഹത്തോടെ, നോക്കുന്ന ഒരു തമ്പുരാൻ ഇവിടെയുണ്ട്. അവന്റെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ഒന്നേ നമുക്കു കാണാനാകുന്നുള്ളു. നാം എങ്ങനെയായി തീരണമെന്നുള്ള ചിത്രം. എന്റെ കുടുംബത്തിൽ, ഔദ്യോഗിക മേഖലയിൽ, എന്റെ വ്യക്തി ജീവിതത്തിൽ, എന്റെ സഭാജീവിതത്തിൽ ഞാൻ എങ്ങനെ ആയിരിക്കണം. കഷ്ടതയുടെ അനുഭവത്തിൽ നിന്ന് സഹിഷ്ണുത പഠിക്കണമെന്നും സഹിഷ്ണുതയിൽ കൂടി സിദ്ധതയിലേക്ക് പ്രവേശിക്കണമെന്നും സിദ്ധതയിൽ കൂടി പ്രത്യാശയുടെ അനുഭവം ഉണ്ടായിരിക്കണമെന്നും ദൈവവചനം നമ്മെ ഉത്ബോധിപ്പിച്ചുവെങ്കിൽ അതിനു അനുസ്യൂതമായിരിക്കുന്ന ഒരു ആന്തരിക പരിവർത്തനം നമ്മിൽ ഉണ്ടാകണം.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ നമ്മിൽ രൂപാന്തരപ്പെടുന്ന ഒരു അവസ്ഥയുണ്ട്. അതിനു പറയുന്ന പേരാണ് ദൈവഭയം. വിശുദ്ധ കുർബ്ബാനയിലൂടെ കർത്താവ് നമ്മെ തന്നെ അതിലേക്ക് തരുമ്പോൾ നമുക്ക് അങ്ങോട്ട് കൊടുക്കാൻ എന്തെങ്കിലും വേണമല്ലോ, അതാണ് നമ്മെ തന്നെ അവനിൽ അർപ്പിക്കുന്ന അനുഭവം. അതു കൊടുക്കാൻ, കൊടുക്കേണ്ട രീതിയിൽ കൊടുക്കാൻ നമുക്കു കഴിയണം.

നിങ്ങൾ തമ്പുരാന്റെ കൈകളിൽ ഉപയോഗിക്കേണ്ട പാത്രങ്ങളാണ്. സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും കറകൾ നിങ്ങളിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ നിങ്ങൾ കർത്താവിന്റെ കൈകളിൽ നിന്നും വഴുതിപ്പോകും. ആ കറകൾ എല്ലാം കഴുകികളഞ്ഞ് നിർമ്മലീകരിക്കാനുള്ള അവസരമാണ് വിശുദ്ധ കുമ്പസാരത്തിലൂടെയുള്ള കുർബ്ബാനാനുഭവം.

(നോർത്ത് ഈസ്റ്റ് അമേരിക്കൻ ഓർത്തഡോക്സ് ഭദ്രാസന കോൺഫറൻസിന്റെ മൂന്നാം ദിവസം വൈകുന്നേരം വി. കുമ്പസാരത്തിനു മുന്നോടിയായി നടത്തിയ ധ്യാനപ്രസംഗം)

വിശ്വാസകാര്യങ്ങളിൽ രാഷ്ട്രം കൈ കടത്തരുത്

ചാർളി വർഗീസ്

ഇന്ത്യൻ ദേശീയ വനിതാവാകാശ കമ്മീഷൻ എന്ത് മനസ്സിലാക്കിയാണ് വി. കുമ്പസാരം നിർത്തണമെന്ന് ഉപദേശിച്ചതെന്നു മനസ്സിലാകുന്നില്ല. ക്ഷേത്രത്തിൽ വച്ച് പെൺകുട്ടിയെ കൂട്ട ബലാൽസംഗം ചെയ്തു എന്ന് വച്ച് ക്ഷേത്രം വേണ്ടെന്നു വയ്ക്കാൻ പറ്റുമോ, ഏതെങ്കിലും ഒരാൾ മദ്രസ്സയിൽ കുട്ടികളെ പീഡിപ്പിച്ചു എന്ന് കണ്ടു മദ്രസ്സ നിർത്തണം എന്ന് പറയുമോ, ഏതെങ്കിലും പുരോഹിതൻ കുമ്പസാരത്തെ തെറ്റായി ഉപയോഗിച്ചു എന്ന് കരുതി കുമ്പസാരം വേണ്ട എന്ന് എങ്ങിനെ ഒരു കമ്മീഷന് പറയാൻ പറ്റും. ഉത്തരേന്ത്യയിൽ ധാരാളം സ്വാമിമാർ പീഡനം നടത്തി. അതുകൊണ്ടു ഇനി സ്വാമിമാരെ നിരോധിക്കണം എന്നാണോ കമ്മീഷൻ പറയാൻ പോകുന്നത്. ആശുപത്രികളിൽ തെറ്റുകൾ മൂലം രോഗികൾക്ക് മരണം സംഭവിച്ചിട്ടുണ്ട് അതുകൊണ്ടു എവിടെയെങ്കിലും ആശുപത്രികൾ നിർത്തിയിട്ടുണ്ടോ. വിശ്വാസ സംബന്ധമായ കാര്യങ്ങൾ വിശ്വാസികളാണ് തീരുമാനിക്കുന്നത്. പോലീസുകാർ ധാരാളം പേരെ മർദിച്ചു കൊലപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു പോലീസിനെ വേണ്ടായെന്നു തീരുമാനിച്ചോ. ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളെ കയറ്റണം എന്ന് വാദിക്കുന്നവക്കീൽ അവരെ എല്ലാം വാവർ നടയിലും കയറ്റണം എന്ന് വാദിക്കാമോ? വിശ്വാസ സമൂഹത്തിന്മേൽ എന്തെങ്കിലും കാരണം പറഞ്ഞു കുതിര കയറാൻ തുടങ്ങിയാൽ വിശ്വാസികൾ വെറുതെ വിടില്ല. തെറ്റുകാർ ശിക്ഷിക്കപ്പെടണം. അതിനു അവർ ഉൾപ്പെട്ട സമൂഹത്തിന്റെ വിശ്വാസത്തെ അട്ടിമറിക്കാൻ നോക്കുന്ന കുടിലബുദ്ധി ജനം കൈക്കൊള്ളില്ല. എല്ലാ സമൂഹത്തിലുമുണ്ട് ഒരു ചെറിയ വിഭാഗം ക്ഷുദ്രജീവികൾ. അതിനാൽ ആ സമൂഹത്തിലെ ഭൂരിപക്ഷ നന്മയെ അവഗണിച്ചു സമൂഹത്തെ അവഹേളിക്കുന്ന ചിന്തകളെ ജനം തള്ളിക്കളയും.

Inauguration of St. Mary's English medium School at Maninagar, Ahmedabad.

മരുഭൂമിയിലെ നീരുറവ വാർഷിക ഒത്തുചേരൽ ആഗസ്റ്റ് 4-ന്

ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന ദൗത്യമായിരുന്നു സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ (മരുഭൂമിയിലെ നീരുറവ). 'മരുഭൂമിയിലെ നീരുറവ'യുടെ ഈ വർഷത്തെ വാർഷിക ഒത്തുചേരൽ ഓഗസ്റ്റ് നാലിന് രാവിലെ 9:30 മുതൽ തിരുവല്ല ബഥനി അരമന ബേസിൽ സെന്ററിൽ വെച്ച് നടത്തുന്നു.

ഡോ. യൂഹാനോൻ മാർ മിലിത്തോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മെത്രാപ്പോലീത്താമാരുടെ മഹനീയ സാന്നിദ്ധ്യത്തിൽ പൊതുസമ്മേളനം, സ്റ്റോക്കിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും തിരികെപോന്നവരുമായ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളെ പരിചയപ്പെടൽ, സ്കൂൾ /ബോർഡ്/ യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ സമർത്ഥരെ അനുമോദിക്കൽ എന്നിവ നടക്കും.

ചിക്കാഗോ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ സമ്മർഫെസ്റ്റ് ആഘോഷം ജൂലൈ 28 ശനിയാഴ്ച

ഷിക്കാഗോ: സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ എല്ലാ വർഷവും നടത്തിവരുന്ന സമ്മർഫെസ്റ്റ് ആഘോഷം ഈ വർഷം ജൂലൈ 28 ശനിയാഴ്ച ദേവാലയ അങ്കണത്തിൽ നടക്കും. മലയാളികൾക്ക് പ്രിയങ്കരങ്ങളായ, നാവിനു രുചികരമായ നാടൻ ഭക്ഷണ ശാലകൾ, സൗത്ത് ഇന്ത്യൻ, നോർത്ത് ഇന്ത്യൻ വിഭവങ്ങൾ തുടങ്ങിയ വിവിധ വിഭവങ്ങൾ സമ്മർഫെസ്റ്റിൽ ലഭ്യമാണ്. കൂടാതെ ചിക്കാഗോയിലെ പ്രശസ്തരായ കലാകാരന്മാരുടെ കലാമേളകൾ, വിവിധതരം ഗെയിം സ്റ്റാളുകൾ, എന്നിവ സമർഫെസ്റ്റിവലിന്റെ ആകർഷണങ്ങളാണ്. കൂടാതെ സമ്മർഫെസ്റ്റിൽ പങ്കെടുക്കുന്നവർക്കായി നടത്തപ്പെടുന്ന Raffle-ൽ വിജയിക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ ലഭിക്കും. Presence Medical Health സൗജന്യമായി മെഡിക്കൽ ചെക്കപ്പ് ഒരുക്കിയിട്ടുണ്ട്. അന്നേ ദിവസം 12 മണി മുതൽ 6 മണി വരെ Life Source-ന്റെ നേതൃത്വത്തിൽ ബ്ലഡ് ഡ്രൈവ് നടത്തപ്പെടുന്നതുമാണ്.

സമ്മർ ഫെസ്റ്റിന്റെ വരുമാനത്തിന്റെ ഒരു വിഹിതം ഷിക്കാഗോയിലെ Food Pantry-ക്കും, പരുമല കാൻസർ സെന്ററിനും നൽകുന്നതാണ്.

സമ്മർ ഫെസ്റ്റിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. എല്ലാവരെയും സമർഫെസ്റ്റിവലിലേക്കു സ്വാഗതം ചെയ്യുന്നു എന്ന് വികാരി ഫാ. ഹാം ജോസഫ് അറിയിച്ചു.

മാർ തേവോദോസിയോസ് ബഥാനിയ എക്സലൻസി അവാർഡ് ഫാ ഡേവിസ് ചിറമേലിന്

റാന്നി: കർമ്മമേഖലകളിൽ മികച്ച സേവനം കാഴ്ച വയ്ക്കുന്നവർക്കു വേണ്ടി ബഥനി സ്ഥാപകൻ അലക്സിയോസ് മാർ തേവോദോസിയോസിന്റെ നാമധേയത്തിൽ ബഥനി ആശ്രമം ക്രമീകരിച്ചിരിക്കുന്ന മാർ തേവോദോസിയോസ് ബഥാനിയ എക്സലൻസി അവാർഡിനായി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനും പ്രമുഖ സാമൂഹിക പ്രവർത്തകനുമായ ഫാ. ഡേവിസ് ചിറമേലിനെ തിരഞ്ഞെടുത്തു.

മുൻ വർഷങ്ങളിൽ എക്യുമെനിക്കൽ രംഗത്തെ സമഗ്ര സംഭാവനയ്ക്ക് ഫാ. ഡോ. കെ. എം. ജോർജ്ജും സാമൂഹിക സേവനരംഗത്തെ സംഭാവനയ്ക്ക് കെ. ഐ. ഫിലിപ്പ് റമ്പാനും വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഡോ. കെ. എസ്. രാധാകൃഷ്ണനും ആരോഗ്യമേഖലയിലെ നേട്ടങ്ങൾക്ക് ഡോ. വി. പി. ഗംഗാധരനും, വൈദ്യസേവന രംഗത്തെ സംഭാവനയ്ക്ക് ഉമാ പ്രേമനും, സഭാ-സാമൂഹിക-മതേതര പ്രവർത്തനങ്ങൾക്ക് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായും, ആതുരസേവന രംഗത്തെ പ്രവർത്തനങ്ങൾക്ക് സിസ്റ്റർ സൂസനും അവാർഡിന് അർഹരായി.

25000 രൂപയും പ്രശംസാപത്രവും അടങ്ങുന്ന അവാർഡ് ഓഗസ്റ്റ് 6-ന് പെരുനാട് ബഥനി ആശ്രമത്തിൽ കൂടുന്ന പൊതുസമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ നല്കും.

A workshop on "Grow Your Own Food"

Detailing about the basic urban organic farming in the limited urban space was organized by the MGOCSM unit of St. Basil in collaboration with Design Innovation Centre, Ambedkar University, Delhi for awareness amongst general public and avoiding pesticide sprayed and harmful vegetables from their dining table.

Vegetable seed packets were distributed on the occasion.

Rev. Fr. Binish Babu, Vicar, St. Basil and Rev. Fr. Varghese Mathew, St. Mary's Orthodox Syrian Church, Niranam Valiyapally, were enthusiastic about the Conference and led the event.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file